നം. എൽ.എഫ്.കെ.പി.1/169/2010
തീയതി: 29.3.2010

# കോട്ടയം ജില്ലാ പഞ്ചായത്തിന്റെ വരവുചെലവ് ഓഡിറ്റ് റിപ്പോർട്ട്

# 2008 - 2009

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215 (4)-ാം വകുപ്പ് 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ് ,1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട : ശ്രീ. എസ്. വിജയകുമാർ,

ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും — ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

**ഓഡിറ്റ് വിധേയമാക്കിയ കണക്കുകൾ**

കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2008-2009 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

**നിർവഹണാധികാരികൾ**

പ്രസിഡന്റ് :
1) ശ്രീ. തോമസ്, കുന്നപ്പള്ളി- 1.4.08 മുതൽ 5.10.08 വരെ
2) ശ്രീമതി. സുധാ കുര്യൻ- 6.10.08 മുതൽ 6.11.08 വരെ
3) ശ്രീ. കെ.പി. സുഗുണൻ- 6.11.08 31.3.09 വരെ

സെക്രട്ടറി :
1) ശ്രീ. കെ.എം. മോഹനൻ - 1.4.08 മുതൽ 17.5.08 വരെ
2) ശ്രീ. കെ. സോമരാജൻ - 18.5.08 മുതൽ 2.12.08 വരെ
3) ശ്രീ. സണ്ണി ജോൺ -എഫ്.ഒ (ഇൻചാർജ്) -3.12.08 മുതൽ 31.3.09 വരെ

**റിപ്പോർട്ടിന്റെ ഉള്ളടക്കം**

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.

**ഭാഗം 1:- പൊതുഅവലോകനം**

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും അഭിപ്രായങ്ങളും

**ഭാഗം 2:- വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ

**ഭാഗം 3:- ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ

**ഭാഗം 4:- ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും**

പഞ്ചായത്തിന്റെ വിവിധ ഇനങ്ങളിൽ ഉള്ളതും ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയതുമായ വാർഷിക കണക്കുകളെ സംബന്ധിച്ച നിരീക്ഷണങ്ങൾ, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

**അനുബന്ധപത്രികകൾ**

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ജില്ലാ പഞ്ചായത്തിന് കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ പട്ടിക
3. എസ്.ജി.ആർ.വൈ-വിവിധ ഗോഡൗണുകളിൽ അവശേഷിച്ചിരിക്കുന്ന അരിയുടെ വിശദാംശങ്ങൾ

4. മുൻകൂർ കൈപ്പറ്റിയിട്ടും പൂർത്തിയാക്കാത്ത പൊതുമരാമത്ത് വേലകളുടെ വിശദാംശങ്ങൾ

# ഭാഗം 1 പൊതുഅവലോകനം

കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2008-09 വർഷത്തെ ബജറ്റ് 25.3.08 ൽ കൂടിയ പഞ്ചായത്ത് യോഗം അംഗീകരിക്കുകയുണ്ടായി. ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന ആകെ വരവ് 490587000 രൂപയും ആകെ ചെലവ് 499828000 രൂപയുമാണ്.

ഓഡിറ്റ് ചെയ്ത കണക്കുകൾ പ്രകാരം 2008-09 വർഷത്തെ ആകെ വരവ് 309430038 രൂപയും ആകെ ചെലവ് 215802557 രൂപയുമാണ്. പഞ്ചായത്തിന്റെ തനതു വിനിയോഗത്തിന് ലഭിച്ച (ഋണബാധ്യത കിഴിച്ചുള്ള വരവ്) 260806164 രൂപയാണ്.

മേൽ പറഞ്ഞ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കിയതിൽ 15960 രൂപ പഞ്ചായത്തിന്റെ വരവ് ഇനങ്ങളിൽ നഷ്ടമുണ്ടായതായി കാണുന്നു. കൂടാതെ വിവിധ കാരണങ്ങളാൽ 3642291 രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു. (വിശദ വിവരത്തിനായി ഈ റിപ്പോർട്ടിന്റെ 2,3 എന്നീ ഭാഗങ്ങളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു.)

ഓഡിറ്റ് ശ്രദ്ധയിൽപ്പെട്ട മറ്റ് പൊതുവായ വിവരങ്ങൾ താഴെ കൊടുക്കുന്നു.

## രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പ്

വാർഷിക കണക്കുകൾ തയ്യാറാക്കുന്നതിന് അവലംബിക്കേണ്ട പ്രധാനപ്പെട്ട പല രജിസ്റ്ററുകളും രേഖകളും നടപടി ക്രമങ്ങൾ അനുസരിച്ച് ശരിയായ വിധത്തിൽ എഴുതി സൂക്ഷിക്കുന്നില്ല. 12.6.2003 ലെ സർക്കാർ ഉത്തരവ് 319/2003/ഫിൻ പ്രകാരം 1.4.2004 മുതൽ നിലവിൽ വന്ന പുതിയ അക്കൗണ്ടിംഗ് സമ്പ്രദായം പൂർണ്ണതോതിൽ പഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല. പ്രധാനപ്പെട്ട രജിസ്റ്ററുകളായ കാഷ് ബുക്ക്, വരവ് രജിസ്റ്റർ, ചെലവ് രജിസ്റ്റർ എന്നിവ കാലികമായി എഴുതി പൂർത്തിയാക്കിയിരുന്നില്ല. കാഷ് ബുക്ക് ദിനംപ്രതി ക്ലോസ് ചെയ്യുകയും മാസാന്ത്യം ക്ലോസ് ചെയ്ത് വിവിധ അക്കൗണ്ട് നീക്കിയിരിപ്പുകളുമായി പൊരുത്തപ്പെടുത്തുകയും ചെയ്തിട്ടില്ല. വരവ് രജിസ്റ്റർ, ചെലവ് രജിസ്റ്റർ എന്നിവ പൂർണ്ണമായിരുന്നില്ല. പല വരവുകളും വരവ് രജിസ്റ്ററിൽ ചേർക്കുന്നതിൽ നിന്നും വിട്ടുപോയതായി കണ്ടു.

പല പ്രധാനപ്പെട്ട രജിസ്റ്ററുകളും നാളിതുവരെ എഴുതുവാൻ തുടങ്ങിയിട്ടില്ല. ബിൽ രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് ബാലൻസ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ ഇതിന് ഉദാഹരണങ്ങളാണ്. ചെക്ക്/ഡി.ഡി. രജിസ്റ്റർ പൂർണ്ണമല്ല. തുക വരവ് വച്ചതിന്റെയും രസീത് നൽകിയതിന്റെയും വിവരങ്ങൾ ടി രജിസ്റ്ററിൽ ചേർത്തിട്ടില്ല. പദ്ധതി വിഹിതം അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ എല്ലാ ചെലവു വിവരങ്ങളും രേഖപ്പെടുത്തിയില്ല.

## വാർഷിക കണക്കുകൾ

ജില്ലാ പഞ്ചായത്ത് അംഗീകരിച്ച് ഓഡിറ്റിനായി അയച്ചു തന്ന 2008-09 ലെ വാർഷിക കണക്കുകൾ അപൂർണ്ണവും തെറ്റുകൾ തികഞ്ഞതുമായിരുന്നു. ആയത് പഞ്ചായത്തിന്റെ യഥാർത്ഥ സാമ്പത്തിക ഇടപാടുകൾ പ്രതിഫലിപ്പിക്കുവാൻ ഉതകുന്ന തരത്തിൽ ഉള്ളതായിരുന്നില്ല. കണക്കുകൾ തയ്യാറാക്കുന്നതിന് 1.4.2004 ൽ

നിലവിൽ വന്ന പുതിയ അക്കൗണ്ടിംഗ് സമ്പ്രദായം (സർക്കാർ ഉത്തരവ് (പി) 319/2003/ഫിൻ തീയതി: 12.6.03) പൂർണ്ണമായും അനുവർത്തിച്ചിരുന്നില്ല. അടിസ്ഥാന രജിസ്റ്ററുകൾ ശരിയായ രീതിയിൽ എഴുതാതിരുന്നതിനാലും അക്കൗണ്ടിംഗ് സമ്പ്രദായം അനുസരിച്ചുള്ള ക്ലാസിഫിക്കേഷനുകൾ നടത്താത്തതുമൂലം കണക്കുകളുടെ ആധികാരികത സംബന്ധിച്ച് വ്യക്തമായ അഭിപ്രായം പ്രകടിപ്പിക്കുന്നതിന് ഓഡിറ്റിന് കഴിയുന്നില്ല. വാർഷിക കണക്കുകൾ സംബന്ധിച്ച വിശദമായ അവലോകനം ഈ റിപ്പോർട്ടിൽ ഭാഗം -4 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**വിവിധ കമ്മറ്റികളുടെ യോഗനടപടിക്രമങ്ങൾ, മിനിറ്റ്സ് എന്നിവ സംബന്ധിച്ച്**

പഞ്ചായത്ത് ജനറൽ കമ്മറ്റി, വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ എന്നിവയുടെ യോഗ തീരുമാനങ്ങൾ മിനിട്ട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഒഴികെ മറ്റെല്ലാ കമ്മറ്റികളും നിശ്ചിത സമയപരിധിക്കുള്ളിൽ കൂടിയിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 27.6.08 ന് കൂടിയ ശേഷം 5.8.08 ലാണ് യോഗം ചേർന്നത്. അതു പോലെ തന്നെ 28.10.08 ന് ശേഷം 2.12.08 ലാണ് ചേർന്നത്. 6.11.08 ൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിനെ തിരഞ്ഞെടുക്കുവാൻ ചേർന്ന യോഗത്തിന്റെ നടപടിക്രമങ്ങൾ മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല എന്നു കാണുന്നു.

**കൈമാറികിട്ടിയ സ്ഥാപനങ്ങളിൽ നിന്നുമുള്ള വരവുകൾ യഥാസമയം പഞ്ചായത്തു കണക്കുകളിൽ ചേർക്കുന്നില്ല**

ജില്ലാ പഞ്ചായത്ത് കൈമാറികിട്ടിയ സ്ഥാപനങ്ങളിൽ നിന്നുള്ള വരവുകൾ ബന്ധപ്പെട്ട സ്ഥാപനം പഞ്ചായത്തിന്റെ അക്കൗണ്ടിൽ നേരിട്ട് അടയ്ക്കുന്ന സംവിധാനമാണ് നിലവിലുള്ളത്. എന്നാൽ വരവിന്റെ വിശദാംശങ്ങൾ പഞ്ചായത്തിന്റെ കണക്കുകളിൽ യഥാസമയം ചേർത്ത് കാണുന്നില്ല. തന്നാണ്ടിൽ ചേർക്കുവാൻ വിട്ടുപോയ ധാരാളം വരവ് വിവരങ്ങൾ 31.3.2009 ലാണ് വരവ് രജിസ്റ്ററിലും കാഷ് ബുക്കിലും ചേർത്തത്. വരവിനങ്ങൾ യഥാസമയം കണക്കിൽ കൊള്ളിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

**വാർഷിക പദ്ധതി**

കോട്ടയം ജില്ലാ ആസൂത്രണ സമിതിയുടെ 20.2.09 ലെ ഉത്തരവ് നം. 700/08/ഡി.പി.ഒ/കോട്ടയം പ്രകാരം ജില്ലാ പഞ്ചായത്തിന്റെ 2008-09 ൽ വർഷത്തെ വാർഷിക പദ്ധതിക്ക് പുതുക്കിയ അംഗീകാരം ലഭിച്ചിട്ടുണ്ട്. വിവിധ വികസന മേഖലകളിലായി ആകെ 359 പ്രോജക്ടുകൾക്ക് വേണ്ടി നിശ്ചയിക്കപ്പെട്ട പദ്ധതി അടങ്കൽ തുക 236208620 രൂപയാണ്. വകയിരുത്തിയ തുകയിൽ 174457265 രൂപ മുന്നിരിപ്പ് ഉൾപ്പെടെയുള്ള വികസന ഫണ്ട് വിഹിതവും 61751355 രൂപ മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള വിഹിതവുമാണ്. കൂടാതെ മെയിന്റനൻസ് പ്ലാനിൽ ആകെ 138 പ്രോജക്ടുകൾക്കായി 43980954 രൂപ വകയിരുത്തി. ഇപ്രകാരം ആകെ വാർഷിക പദ്ധതി അടങ്കൽ തുക 280189574 രൂപ 28.02 കോടി രൂപ) ആയി നിശ്ചയിക്കപ്പെട്ടിരുന്നു.

എല്ലായിനങ്ങളിലും കൂടിയുള്ള പദ്ധതി ചെലവിന്റെ വിവരം ക്രോഡീകരിക്കപ്പെട്ടിട്ടില്ല. കാറ്റഗറി എ, സി ഫണ്ടുകളിൽ നിന്നുള്ള ചെലവ് വിവരം മാത്രമാണ് ക്രോഡീകരിക്കപ്പെട്ടിട്ടുള്ളത്. ആയതിന്റെ സംക്ഷിപ്ത വിവരം ചുവടെ ചേർക്കുന്നു.

**1. കാറ്റഗറി എ. ഫണ്ട് (തുക കോടി രൂപയിൽ)**

| വിഭാഗം | കാരിഓവർ തുക | തൻവർഷ വിഹിതം | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| പൊതുവിഭാഗം | 2.67 | 9.47 | 12.14 | 5.27 | 6.87 |
| പ്രത്യേക ഘടകപദ്ധതി | 1.55 | 4.41 | 5.96 | 2.32 | 3.64 |
| പട്ടികവർഗ്ഗ ഉപപദ്ധതി | 0.22 | 1.07 | 1.29 | 0.38 | 0.91 |
| ആകെ | 4.44 | 14.95 | 19.39 | 7.97 | 11.42 |

**2. കാറ്റഗറി സി. ഫണ്ട് (തുക കോടി രൂപയിൽ)**

| | | | | | |
|---|---|---|---|---|---|
| റോഡിതിരം | 1.60 | 2.77 | 4.37 | 0.98 | 3.39 |
| റോഡ് | 0.33 | 0.34 | 0.67 | 0.30 | 0.37 |
| ആകെ | 1.93 | 3.11 | 5.04 | 1.28 | 3.76 |

2009-2010 ൈ കരട് പദ്ധതി രേഖയോടൊപ്പം അച്ചടിച്ച് പ്രസിദ്ധീകരിച്ചിട്ടുള്ള 2008-09 ലെ പദ്ധതി കണക്കുകൾ പ്രകാരം ആകെ ആവിഷ്കരിക്കപ്പെട്ട 342 പ്രോജക്ടുകളിൽ 186 പ്രോജക്ടുകൾക്ക് മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. തുക ചെലവഴിക്കപ്പെട്ട എല്ലാ പ്രോജക്ടുകളും അന്തിമമായി പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല.

വാർഷിക പദ്ധതി നടത്തിപ്പിൽ ശ്രദ്ധിക്കപ്പെട്ട പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

**1) പദ്ധതി രൂപീകരണ പ്രക്രിയകൾ ഫലപ്രദമായിരുന്നില്ല**

വിവിധങ്ങളായ ഉപവികസന മേഖലകൾ അടിസ്ഥാനമാക്കിയുള്ള വർക്കിങ്ങ് ഗ്രൂപ്പുകളുടെ പ്രവർത്തനം ഫലപ്രദമായിരുന്നില്ലെന്ന് ആയവയുടെ മിനിറ്റ്സ് ബുക്ക് പരിശോധിച്ചതിൽ വ്യക്തമായി. കീഴ്തലങ്ങളിൽ നിന്നുള്ള നിർദ്ദേശങ്ങൾ യഥാവിധി പരിഗണിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കിയിട്ടില്ല. 14.5.07 ലെ ജി.ഒ. (എം.എസ്) 128/07 തസ്വഭവ നമ്പർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരം ഗ്രാമ/ബ്ലോക്ക് പദ്ധതികൾക്ക് അനുപൂരകമായ രീതിയിൽ ജില്ലാ പദ്ധതി തയ്യാറാക്കാൻ സാധിച്ചിട്ടില്ല. പതിനൊന്നാം പഞ്ചവൽസര പദ്ധതിയിലെ 3-ാം വാർഷിക പദ്ധതി പൂർത്തിയാകാറായിട്ടും പഞ്ചവൽസര പദ്ധതി തയ്യാറാക്കിയിട്ടില്ല. ഇക്കാര്യം അർഹിക്കുന്ന ഗൗരവത്തോടെ പരിഗണിക്കേണ്ടതാണ്. ഭരണസമിതിയുടെ സത്വര ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

**2) ഭൗതീക ലക്ഷ്യം കൈവരിക്കാൻ സാധിക്കാത്ത ചെലവുകൾ**

വിവിധ നിർവഹണ ഏജൻസികളിലും കീഴ്തലങ്ങളിലുള്ള പഞ്ചായത്ത് സ്ഥാപനങ്ങളിലേയ്ക്കും കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. (ഖണ്ഡിക 3.23 കാണുക.)

വിവിധ ഏജൻസികളിൽ പദ്ധതി ചെലവു തുക ഡെപ്പോസിറ്റ് ചെയ്തതിൽ നിർവഹണം പൂർത്തിയാകാത്തതും സാമ്പത്തിക ബാധ്യതയില്ലാത്തതുമായ സ്പിൽ ഓവർ പ്രോജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കണമെന്ന സർക്കാർ നിർദ്ദേശം മറികടന്ന്ടി വിശദാംശങ്ങൾ തയ്യാറാക്കാതെ തന്നെ വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിയതായി കാണുന്നു.

**3) മേഖലാ വിഭജനം-നിശ്ചിത പരിധിക്ക് വിധേയമായ ചെലവുകളുടെ ആധികാരികമായ കണക്കുകൾ സൂക്ഷിച്ചിട്ടില്ല**

പതിനൊന്നാം പദ്ധതിയിൽ മേഖലാ വിഭജന ചെലവുകളിൽ വരുത്തിയിട്ടുള്ള ഭേദഗതികൾക്ക് വിധേയമായി ഓരോ മേഖലയുടെയും അലോക്കേഷൻ, ചെലവ് എന്നിവ സംബന്ധിച്ച് ആധികാരികമായ കണക്കുകൾ സൂക്ഷിച്ചിട്ടില്ല. 2009-10 ലെ കരട് പദ്ധതി രേഖയോടൊപ്പം അച്ചടിച്ച് പ്രസിദ്ധീകരിച്ചിട്ടുള്ള മേഖല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു. (തുക കോടി രൂപയിൽ)

| വിഭാഗം | ഉൽപ്പാദനം | | സേവനം | | പശ്ചാത്തലം | | മേഖലാ വിഭജനത്തിൽപ്പെടാത്തത് | |
|---|---|---|---|---|---|---|---|---|
| | വകയിരുത്തൽ | ചെലവ് | വകയിരുത്തൽ | ചെലവ് | വകയിരുത്തൽ | ചെലവ് | വകയിരുത്തൽ | ചെലവ് |
| പൊതു വിഭാഗം | 3.91 | 1.62 | 3.23 | 1.70 | 1.64 | 0.64 | 3.35 | 1.50 |
| എസ്.സി.പി. | ഉൽപ്പാദന/സേവന മേഖല ചെലവുകൾ പ്രത്യേകമായി തിട്ടപ്പെടുത്തിയിട്ടില്ല.<br>വകയിരുത്തൽ - 4.76<br>ചെലവ് - 1.22 | | | | 0.15 | 0.13 | 1.05 | 0.96 |
| ടി.എസ്.പി. * | 1.29 | 0.38 | - | - | - | - | - | - |

* ടി.എസ്.പി. വിഭാഗത്തിൽ സിംഹഭാഗം തുകയും സേവനമേഖലയിലാണ് ചെലവഴിച്ചിട്ടുള്ളതെന്ന് പരിശോധനയിൽ വ്യക്തമാകുന്നു.

**വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റിനങ്ങളിലെ ചെലവിൽ സാമ്പത്തിക ലക്ഷ്യം കൈവരിച്ചില്ല. ഷോർട്ട് ഫോൾ ഇനത്തിൽ 7.4 കോടി രൂപ നഷ്ടപ്പെട്ടു**

2008-09 വർഷങ്ങളിലെ വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റിനങ്ങളിലെ ചെലവിനങ്ങളിലെ നിശ്ചിത സാമ്പത്തിക ലക്ഷ്യം കൈവരിക്കാത്തത് മൂലം 2010-11 ലെ അലോക്കേഷനിൽ 7.4 കോടി രൂപ കുറവ് ചെയ്യുമെന്ന അറിയിപ്പ് ഇതിനോടകം ജില്ലാ പഞ്ചായത്തിൽ ലഭിച്ചിട്ടുണ്ട്. തൻവർഷത്തെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഷോർട്ട് ഫോൾ ഒഴിവാക്കുന്നതിനുള്ള ചെലവ് ശതമാനം 80 ശതമാനം എന്നത് 65 ശതമാനമായി (വികസന ഫണ്ടിന് മാത്രം) സർക്കാർ ഇളവ് ചെയ്തിരുന്നു. ഇപ്രകാരം ഇളവ് നൽകിയ സാമ്പത്തിക ലക്ഷ്യം പോലും ജില്ലാ പഞ്ചായത്ത് കൈവരിച്ചിട്ടില്ല. സംക്ഷിപ്ത വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | കാരിഓവർ തുക ഉൾപ്പെടെ ലഭ്യമായ തുക | 31.3.09 വരെയുള്ള ചെലവ് | ചെലവ് ശത മാനം | ഷോർട്ട് ഫോൾ ഒഴിവാക്കാൻ ചെലവാക്കേണ്ടി യിരുന്ന തുക | 2010-11 ലെ ഷോർട്ട് ഫോൾ |
|---|---|---|---|---|---|
| വികസന ഫണ്ട് | 193953593 | 79746090 | 41.12 | 126069835 (65%) | 46323745 |
| മെയിന്റ നൻസ് ഗ്രാന്റ് റോഡിതരം | 43761833 | 9778990 | 25.29 | 40434694 (80%) | 27649815 |
| മെയിന്റ നൻസ് ഗ്രാന്റ് റോഡ് | 6781534 | 3005889 | | | |
| ആകെ | | | | | 73973560 (7.4 കോടി) |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിനുള്ള മറുപടിയിൽ ടെൻഡർ നടപടികളിലുണ്ടായ കാലതാമസം, ഇലക്ഷൻ പ്രഖ്യാപനം തുടങ്ങിയ ഘടക ങ്ങൾ സാമ്പത്തിക ലക്ഷ്യം കൈവരിക്കുന്നതിനെ പ്രതികൂലമായി ബാധിച്ചെന്ന് അധി കൃതർ അറിയിക്കുകയുണ്ടായി. ജില്ലയുടെ സമഗ്ര വികസനത്തിന് വിനിയോഗിക്കുവാൻ സാധിക്കുമായിരുന്ന 7.40 കോടി രൂപ നഷ്ടമാകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെടുത്തു ന്നു.

**മെയിന്റനൻസ് പ്ലാൻ സമഗ്രമല്ല-ആസ്തികളുടെ മെയിന്റനൻസ് വേലകൾക്ക് മുൻഗണനാക്രമം നിശ്ചയിച്ചിട്ടില്ല**

ജില്ലാ പഞ്ചായത്തിന്റെ തനത് ആസ്തികളുടെയും വിട്ടുകിട്ടിയ സ്ഥാപനങ്ങളു ടെയും ആസ്തികളുടെ സംരക്ഷണത്തിന് വേണ്ടി ജില്ലാ പഞ്ചായത്തിൽ ഗണ്യമായ തുക വർഷാവർഷം ലഭിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ ഏതെല്ലാം ആസ്തികൾക്ക് എന്തെല്ലാം സംരക്ഷണ പ്രവൃത്തികളാണ് ഏറ്റെടുക്കേണ്ടതെന്നും ആയവയുടെ മുൻഗ ണനാക്രമം ഏന്താണെന്നും സമഗ്രമായ ഒരു മെയിന്റനൻസ് പ്ലാനിലൂടെ നിശ്ചയിക്കപ്പെ ട്ടിട്ടില്ല. സമഗ്രമായ മെയിന്റനൻസ് പ്ലാനിന്റെ അഭാവത്തിൽ മെയിന്റനൻസ് ഗ്രാന്റ് റോഡിതര വിഭാഗത്തിലെ സിംഹഭാഗവും ഹയർസെക്കണ്ടറി സ്കൂളുകളുടെ മെയിന്റ നൻസിന് വേണ്ടിയാണ് വകയിരുത്തിയിട്ടുള്ളത്.

# ഭാഗം 2 : വരവു കണക്കുകൾ

**2.1) കൊയ്ത്തുമെതിയന്ത്രത്തിന്റെ വാടക-രസീതുകൾ പ്രകാരം തുക ഈടാക്കിയ തിൽ അപാകതകൾ**

ജില്ലാ പഞ്ചായത്ത് വക കൊയ്ത്തുമെതിയന്ത്രം വിവിധ പാടശേഖര സമിതി കൾക്ക് വാടകയ്ക്ക് നൽകിയിട്ടുള്ളതും, വാടക ഈടാക്കുന്നതിനായി ജില്ലാ

പഞ്ചായത്തിൽ നിന്നും നൽകിയിട്ടുള്ള രസീതു ബുക്കുപയോഗിച്ച് ബന്ധപ്പെട്ട കൃഷി ഓഫീസർമാർ തുക ഈടാക്കി ജില്ലാ പഞ്ചായത്തിന്റെ പേരിലുള്ള ജില്ലാ സഹകരണ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു വരികയും ചെയ്യുന്നു. ടി രസീത് ബുക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) 2.3.09 ൽ 8260/11-ാം നമ്പർ തീരുമാനപ്രകാരം കൃഷി ഓഫീസർ, തലയോലപ്പറമ്പ്, കൊല്ലാത്ത് പാടശേഖരണ സമിതി സെക്രട്ടറിയിൽ നിന്നും ഈടാക്കിയ 20000 രൂപ ജില്ലാ പഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കിയത് 16.3.09 ൽ മാത്രമാണ്.
2) 27.1.09 ൽ 8260/10-ാം നമ്പർ രസീതു പ്രകാരം, മാഞ്ഞൂർ കൃഷി ഓഫീസർ 4500 രൂപ ഈടാക്കിയതിന് രസീത് ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ചിട്ടല്ല എഴുതിയിരിക്കുന്നത്. മാത്രമല്ല 5000 രൂപ എഴുതിയിരിക്കുന്നത് വെട്ടിതിരുത്തിയതായും കാണുന്നു.
3) ടി രസീതു ബുക്കിലെ 11 മുതൽ 22 വരെയുള്ള ഒറിജിനൽ രസീത് കീറിമാറ്റി ഡ്യൂപ്ലിക്കേറ്റാണ് നിലനിർത്തിയിട്ടുള്ളത്. ഉദാഹരണങ്ങൾ

| | രസീത് നമ്പർ | തീയതി | തുക |
|---|---|---|---|
| i | 11/8260 | 2.3.09 | 20000 |
| ii | 12/8260 | 21.3.09 | 14800 |
| iii | 13/8260 | 20.3.09 | 18000 |
| iv | 15/8260 | 24.3.09 | 12000 |
| v | 16/8260 | 27.3.09 | 30000 |
| vi | 17/8260 | 30.3.09 | 3600 |
| vii | 18/8260 | 3.4.09 | 4000 |
| viii | 19/8260 | 18.4.09 | 12600 |
| ix | 20/8260 | 21.4.09 | 2000 |
| x | 21/8260 | 6.5.09 | 10320 |
| xi | 22/8260 | 29.5.09 | 2880 |

4) 12/8260, 13/8260 എന്നീ രസീതുകളിൽ തീയതി തിരുത്തി കാണുന്നു.
5) 21/8260, 22/8260 എന്നീ രസീതുകളിൽ കൃഷി ഓഫീസറുടെയോ, സെലക്ഷൻ ക്ലാർക്കിന്റെയോ ഒപ്പോ ഇനിഷ്യലോ രേഖപ്പെടുത്തിയിട്ടില്ല.

രസീതുകളുടെ തുക, തീയതി മുതലായവ തിരുത്തിയത് ക്രമക്കേടു കാട്ടാനായിരുന്നോ എന്നുള്ള കാര്യം അന്വേഷണ വിധേയമാക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

**2.2) ദർഘാസ് ഫോറ വിൽപ്പന-വിൽപ്പന നികുതി സർക്കാരിലേക്കടവാക്കിയിട്ടില്ല**

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ നിർവഹണോദ്യോഗസ്ഥനായി 2008-09 വർഷം നടപ്പാക്കിയ വിവിധ മരാമത്ത് വേലകളുമായി ബന്ധപ്പെട്ട് ടെൻഡർ

ഫോറങ്ങൾ വിൽപ്പന നടത്തിയ വകയിൽ ആകെ 179798 രൂപ വിവിധ തീയതികളിലായി ജില്ലാ പഞ്ചായത്തിന്റെ ഡി പി എഫ് എ-1 അക്കൗണ്ടിൽ നേരിട്ട് അടവാക്കപ്പെട്ടിട്ടുണ്ട്. ഇതിൽ 159800 രൂപ ടെൻഡർ ഫോറങ്ങളുടെ വിലയും 19998 രൂപ വിൽപ്പന നികുതിയിനത്തിലുള്ള തുകയുമാണ്. വിൽപ്പനനികുതിയിനത്തിൽ സർക്കാരിലേക്ക് അടവാക്കേണ്ട 19998 രൂപ ഇപ്പോഴും പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു. ആയത് ബന്ധപ്പെട്ട ശീർഷകത്തിൽ അടവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**2.3) മെതിയന്ത്രം ഉപയോഗം-ജില്ലാ പഞ്ചായത്തിനുണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടം സംബന്ധിച്ച്**

ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഒന്നാം നമ്പർ മെതിയന്ത്രം 4/10/2008 മുതൽ ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ (കൃഷി)റുടെ നേതൃത്വത്തിൽ പ്രവർത്തിപ്പിച്ചുവരുന്നു. ഏറ്റുമാനൂർ കൃഷി ഭവന്റെ കീഴിലെ പേരൂർ തുരുത്തി പാടശേഖരത്ത് കൊയ്യുന്നതിനായി 20.3.2009 ൽ 8260/13-ാം നമ്പർ രസീതിൻ പ്രകാരം 18000 രൂപ അഡ്വാൻസായി ഒടുക്കി ഏറ്റുമാനൂർ കൃഷി ഓഫീസർ 22.3.09 മുതൽ 1.4.09 വരെയുള്ള കാലയളവിലേയ്ക്ക് ഏറ്റുവാങ്ങിയിട്ടുണ്ട്. ഇവിടെ ആകെ 56 മണിക്കൂർ 36 മിനിട്ട്സ് കൊയ്തതിന് വാടകയിനത്തിൽ മണിക്കൂറിന് 600 രൂപ നിരക്കിൽ ജില്ലാ പഞ്ചായത്തിൽ ഒടുക്കേണ്ട ആകെ തുക 33960 രൂപയാണ്. എന്നാൽ അഡ്വാൻസ് ആയ 18000 രൂപ കിഴിച്ച് 15960 രൂപ കൂടി സമാഹരിച്ച് കൃഷി ഓഫീസർ ജില്ലാ പഞ്ചായത്തിൽ ഒടുക്കേണ്ടിയിരുന്നു. എന്നാൽ ടി തുക നാളിതുവരെ പഞ്ചായത്തിൽ ഒടുക്കിയിട്ടില്ല. 6.10.09 ൽ ബി2- 3467 കത്ത് പ്രകാരം തുക ഒടുക്കുന്നതിന് ഏറ്റുമാനൂർ കൃഷി ഓഫീസർക്ക് പഞ്ചായത്ത് അറിയിപ്പ് നൽകിയിരുന്നു. എങ്കിലും നാളിതുവരെ ടി തുക പഞ്ചായത്തിൽ ഒടുക്കപ്പെട്ടിട്ടില്ല. ആകയാൽ 15960 രൂപ ഉത്തരവാദിയായ കൃഷി ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്.

# ഭാഗം 3 - ചെലവു കണക്കുകൾ

**3.1) 12-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് വിവിധ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലാബോറട്ടറി/ലൈബ്രറി കെട്ടിട നിർമ്മാണം-നിർവഹണത്തിലും തുക നൽകിയതിലും അപാകതകൾ**

കോട്ടയം ജില്ലയിലെ വിവിധ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലാബോറട്ടറി/ലൈബ്രറി കെട്ടിട നിർമ്മാണത്തിന് വേണ്ടി 12-ാം ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ 2008-09, 2009-10 വർഷങ്ങളിൽ ലഭിച്ച തുകയുടെ അലോട്ട്മെന്റ്/വിനിയോഗ വിവരം ചുവടെ ചേർക്കുന്നു.

| സ്കൂളിന്റെ പേര് | അലോട്ട്മെന്റ് ലഭിച്ച തുക | നിർമ്മിതി കേന്ദ്രത്തിന് കൈമാറിയ തുക | നികുതി വിഹിതം | റിമാർക്സ് |
|---|---|---|---|---|
| ഗവ. എച്ച്.എസ്.എസ്, തോട്ടയ്ക്കാട് | 3500000 | 3290374 | 209626 | |
| ഗവ. എച്ച്.എസ്.എസ്, പാമ്പാടി | 3500000 | 3322099 | 177901 | |

| | | | | |
|---|---|---|---|---|
| ഗവ. എച്ച്.എസ്.എസ്, ഈരാറ്റുപേട്ട | 3500000 | 3255524 | 244476 | |
| ഗവ. എച്ച്.എസ്.എസ്, വയല | 3500000 | 3227694 | 272306 | |
| ഗവ. എച്ച്.എസ്.എസ്, പെരുവ | 3500000 | 3271354 | 228646 | |
| ഗവ. എച്ച്.എസ്.എസ്, നെടുങ്കുന്നം | 3500000 | 1000000 | – | 08-09 ൽ ലഭിച്ച 20 ലക്ഷം രൂപയിൽ 10 ലക്ഷം രൂപ ലാപ്സായി. നിലവിൽ 25 ലക്ഷം രൂപ അലോട്ട്മെന്റിൽ ബാക്കി നിൽക്കുന്നു. |
| ഗവ. വി.എച്ച്.എസ്.എസ്, പൊൻകുന്നം | 1488000 | 1488000 | – | |
| ഗവ. എച്ച്.എസ്.എസ്, ഇടക്കുന്നം | 2000000 | 1000000 | – | നിലവിൽ 10 ലക്ഷം രൂപ അലോട്ട്മെന്റ് ബാക്കി നിൽക്കുന്നു. |
| ആകെ | 24488000 | 19855045 | 1132955 | |

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ശ്രദ്ധിക്കപ്പെട്ട പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1) പദ്ധതി നിർവഹണത്തിന് വേണ്ടി സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതമായി (കാറ്റഗറി ബി. ഫണ്ട്) 2202-02-109-82 (പ്ലാൻ) 12-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്ന ശീർഷകത്തിൽ അനുവദിക്കപ്പെട്ട തുക ജില്ലാ പഞ്ചായത്ത് പ്രത്യേക പ്രോജക്ടുകൾ പ്രകാരം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താതെ ചെലവഴിച്ചു.
2) ജില്ലാ പഞ്ചായത്തിന്റെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സേവനം ലഭിക്കാത്തതിനാൽ പ്രവൃത്തിയുടെ നിർവഹണം അക്രെഡിറ്റഡ് ഏജൻസിയായ നിർമ്മിതി കേന്ദ്രത്തിനെ ഏൽപ്പിക്കേണ്ടി വന്നു. (പൊൻകുന്നം, നെടുങ്കുന്നം സ്കൂളുകൾ ജില്ലാ നിർമ്മിതി കേന്ദ്രവും ബാക്കിയുള്ളവ സംസ്ഥാന നിർമ്മിതി കേന്ദ്രവും). സംസ്ഥാന നിർമ്മിതി കേന്ദ്രത്തിൽ ഏൽപ്പിക്കപ്പെട്ട പ്രവൃത്തികൾ താഴെപറയുന്ന പ്രകാരം ഉപകരാർ നൽകുന്നതിന് വേണ്ടി ക്വട്ടേഷൻ ക്ഷണിച്ചിട്ടുള്ളതായി കാണുന്നു.

| സ്കൂൾ | 12.12.08 ലെ സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ ക്വട്ടേഷൻ നോട്ടീസ് പ്രകാരമുള്ള അടങ്കൽ തുക |
|---|---|
| എച്ച്.എസ്.എസ്., ഈരാറ്റുപേട്ട | 4279012 |
| എച്ച്.എസ്.എസ്., പെരുവ | 4214227 |
| എച്ച്.എസ്.എസ്., പാമ്പാടി | 4146615 |
| എച്ച്.എസ്.എസ്., വയല | 4178683 |
| എച്ച്.എസ്.എസ്., തോട്ടയ്ക്കാട് | 4267563 |

ഓരോ പ്രവൃത്തിക്ക് വേണ്ടിയും 50 ലക്ഷം രൂപ വീതമാണ് വകയിരുത്തിയിട്ടുള്ളത്. ലാഭവിഹിതം ഉൾപ്പെടുത്താതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതെങ്കിലും

ഏജൻസിയുടെ കമ്മീഷൻ (സെന്റേജ് ചാർജ്) ഉപകരാറുകൾ ഏറ്റെടുക്കുന്ന കരാറുകാർക്ക് നൽകേണ്ടി വരുന്ന ലാഭം എന്നിവയ്ക്കായി ഗണ്യമായ തുക നീക്കിവെയ്ക്കേണ്ടി വരുന്നു. യഥാർത്ഥ പ്രവൃത്തിയുടെ നിർവഹണത്തിന് വേണ്ടി വകയിരുത്താവുന്ന തുകയിൽ തന്മൂലം കുറവ് വരുന്നു.

3) സർക്കാർ ഉത്തരവിന് വിരുദ്ധമായി 8% നിരക്കിൽ സെന്റേജ് ചാർജ് അനുവദിച്ചു അക്രെഡിറ്റഡ് ഏജൻസികളുടെ തനത് സാങ്കേതിക വിദ്യ അവലംബിച്ച് ഏറ്റെടുക്കുന്നതും സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളതുമായ 50 ലക്ഷത്തിൽ കുറവ് അടങ്കൽ തുകയുള്ള പ്രവൃത്തികൾക്ക് 8% നിരക്കിൽ സെന്റേജ് ചാർജ് നൽകാമെന്ന സർക്കാർ ഉത്തരവ് (നം. 408/07/ഫിൻ ( IND & PW3) /തീയതി: 7.9.07) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമാക്കിയിട്ടില്ല. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ അക്രെഡിറ്റഡ് ഏജൻസികൾ മുഖേന പ്രവൃത്തി ഏറ്റെടുക്കുന്നതിൽ പാലിക്കേണ്ട നടപടി ക്രമങ്ങൾ സ.ഉ.(എം.എസ്.) 133/07/തസ്വഭവ തീയതി: 18.5.07 ൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ ഖണ്ഡിക 10 പ്രകാരം അക്രെഡിറ്റഡ് ഏജൻസിക്ക് മാനേജ്മെന്റ് ചാർജ് ഇനത്തിൽ 2% തുകയും പ്ലാൻ, ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിനുള്ള പ്രതിഫലമായി 0.5% തുകയും നൽകാവുന്നതാണ്. ടി തുക അന്തിമബില്ലിൽ മാത്രം വകയിരുത്തി നൽകിയാൽ മതിയാകുന്നതാണ്. അക്രെഡിറ്റഡ് ഏജൻസിയുമായി ഏർപ്പെട്ടിട്ടുള്ള വിവിധ തീയതികളിലെ കരാറിൽ (എഗ്രിമെന്റ് ഷെഡ്യൂളിൽ) 8% നിരക്കിൽ സെന്റേജ് നൽകുന്നതിനുള്ള വകയിരുത്തലുമുണ്ട്. നിയമാനുസൃതമല്ലാത്ത വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമച്ചത് ശരിയായ നടപടിയല്ല. അതിലൂടെ പദ്ധതിപ്പണത്തിന്റെ വഴിവിട്ട വിനിയോഗമുണ്ടാകുന്നു. നാളിതുവരെയുള്ള പാർട്ട് ബില്ലുകൾ പ്രകാരം അധികമായി നൽകിയ സെന്റേജ് ചാർജിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്കൂളിന്റെ പേര് | നാളിതുവരെയുള്ള പ്രവൃത്തിയുടെ മൂല്യം | മൂല്യത്തിന് പുറമെ അനുവദിച്ച സെന്റേജ് ചാർജ് |
|---|---|---|---|
| 1 | ഗവ.എച്ച്.എസ്.എസ്. തോട്ടയ്ക്കാട് | 2867648 | 229412 |
| 2 | ഗവ. എച്ച്.എസ്.എസ്., പാമ്പാടി | 2433668 | 194693 |
| 3 | ഗവ. എച്ച്.എസ്.എസ്., ഈരാറ്റുപേട്ട | 3344395 | 267552 |
| 4 | ഗവ. എച്ച്.എസ്.എസ്., പെരുവ | 3127996 | 250240 |
| 5 | ഗവ. എച്ച്.എസ്.എസ്., വയല | 3725126 | 298010 |
| | ആകെ | 1239907 | |

നാളിതുവരെ അധികം നൽകിയ തുക ക്രമീകരിക്കേണ്ടതാണ്.

**ഭൗതീക പരിശോധനാ വിവരങ്ങൾ**

നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിവരം ഭൗതീക പരിശോധന നടത്തുന്നതിലേയ്ക്കായി തോട്ടയ്ക്കാട്, നെടുങ്കുന്നം, പൊൻകുന്നം, ഈരാറ്റുപേട്ട, പെരുവ എന്നീ സ്ഥലങ്ങളിലെ സൈറ്റ് നേരിൽ സന്ദർശിച്ചിരുന്നു.

31.3.2010 നകം പൂർത്തീകരിക്കുകയെന്ന ലക്ഷ്യത്തോട് കൂടി നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. പൊൻകുന്നം വി.എച്ച്.എസ്.എസ് ൽ ക്ലാസ് മുറികളുടെ നിർമ്മാണമാണ് ഏറ്റെടുത്തിട്ടുള്ളത്. ടി നടപടി സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

തോട്ടയ്ക്കാട്, നെടുങ്കുന്നം സ്കൂളുകളിലെ നിർമ്മാണ സ്ഥലത്ത് നിന്നും മുറിച്ചു മാറ്റിയ മരങ്ങളുടെ ലേലം, തുക ഒടുക്കൽ തുടങ്ങിയവ ജില്ലാ പഞ്ചായത്തിന്റെ മേൽനോട്ടത്തിലല്ല നടന്നിട്ടുള്ളത്. ഇക്കാര്യങ്ങളിലേയ്ക്ക് അധികൃതരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

**3.2) കിടങ്ങൂർ പഞ്ചായത്തിലെ വനിതാ തൊഴിൽ പരിശീലന കേന്ദ്രം നിർമ്മാണം (പ്രോജക്ട് നമ്പർ 59/09) സ്വകാര്യ വ്യക്തിയുടെ അധീനതയിലുള്ള സ്ഥലത്ത് ജില്ലാ പഞ്ചായത്ത് കെട്ടിടം നിർമ്മിച്ചു നൽകിയത്-17.14 ലക്ഷം രൂപയുടെ ചെലവ് അനധികൃതം**

ജില്ലാ പഞ്ചായത്തിന്റെ 2007-08 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിന് അംഗീകാരം ലഭിച്ച പ്രോജക്ടാണ് കിടങ്ങൂർ ഗ്രാമപഞ്ചായത്തിൽ വനിതാ തൊഴിൽ പരിശീലന കേന്ദ്രം നിർമ്മാണം എന്ന പദ്ധതി (പ്രോജക്ട് നമ്പർ 56/08). നടപ്പു വർഷം സ്പിൽ ഓവർ ആയി അംഗീകാരം ലഭിച്ച (പ്രോജക്ട് നമ്പർ 59/09) പദ്ധതിയുടെ അംഗീകരിച്ച അടങ്കൽ 1725000 രൂപ ആയിരുന്നു. ജില്ലാ പഞ്ചായത്ത് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി ആകെ 1714297 രൂപ വികസനഫണ്ടിൽ നിന്നും ചെലവഴിച്ച് 11/2008 ൽ കെട്ടിടനിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ബന്ധപ്പെട്ട പ്രോജക്ട് ഫയലും മറ്റ് രേഖകളും പരിശോധിച്ചതിന്റെയും പ്രാദേശിക പരിശോധന നടത്തിയതിന്റേയും അടിസ്ഥാനത്തിൽ ടി പദ്ധതി ചെലവ് നടത്തിയത് പഞ്ചായത്ത് രാജ് നിയമത്തിനും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കും വിരുദ്ധമായാണ് എന്ന് ഓഡിറ്റിൽ കാണപ്പെട്ടു.

നിർദ്ദിഷ്ട തൊഴിൽ പരിശീലന കേന്ദ്രം സ്ഥാപിച്ചിരിക്കുന്നത് കിടങ്ങൂർ ഗ്രാമപഞ്ചായത്തിൽ 3-ാം വാർഡിൽസർവേ നമ്പർ 125/4 ആയിട്ടുള്ള സ്ഥലത്താണ്. സ്ഥലത്തിന്റെ ഉടമസ്ഥ പി.കെ.വി. സ്മാരക ലൈബ്രറി പ്രസിഡന്റ് ശ്രീമതി. ബിന്ദു ജി.നായർ ആണ്. ടിയാൾ കിടങ്ങൂർ ഗ്രാമപഞ്ചായത്തിൽ നൽകിയ കെട്ടിടനിർമ്മാണത്തിനുള്ള ലൈസൻസ് അപേക്ഷ പ്രകാരം ഗ്രാമപഞ്ചായത്ത് ലൈസൻസ് നൽകുകയും (എ4 -59/07-08 തീയതി: 3.2.2008) അതനുസരിച്ച് ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് കെട്ടിടം പണി പൂർത്തീകരിക്കുകയുമാണുണ്ടായത്. നിർമ്മാണം പൂർത്തീകരിച്ചതിനു ശേഷം കിടങ്ങൂർ ഗ്രാമപഞ്ചായത്തിൽ നിന്നും വസ്തു ഉടമ/കെട്ടിടനിർമ്മാണലൈസൻസിയുടെ പേരിൽ നികുതി നിർണ്ണയം നടത്തുകയും കെട്ടിടനമ്പർ നൽകുകയും ചെയ്തിട്ടുണ്ട്. (നമ്പർ 3/123എ). നിലവിൽ അവിടെ ലൈബ്രറിയും അനുബന്ധപ്രവർത്തനങ്ങളും നടത്തുന്നതായി ഉടമസ്ഥർ അറിയിച്ചിട്ടുണ്ട്.

വനിതാ തൊഴിൽ പരിശീലന കേന്ദ്രം എന്ന പേരിൽ ജില്ലാ പഞ്ചായത്ത് നിർമ്മിച്ച കെട്ടിടം സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലും അധീനതയിലുമാണെന്ന് മേൽ വിവരിച്ച വസ്തുതകളിൽ നിന്ന് വ്യക്തമാണ്. നാളിതുവരെ ടി കെട്ടിടം ജില്ലാ പഞ്ചായത്തിനോ ഗ്രാമ പഞ്ചായത്തിനോ കൈമാറ്റം ചെയ്തിട്ടില്ല. ബന്ധപ്പെട്ട ഭൂമി പഞ്ചായത്ത് സ്ഥാപനങ്ങളുടെ അധീനതയിലാക്കുന്നതിന് മുമ്പ് തന്നെ വൻതുക ചെലവഴിച്ച് കെട്ടിടം നിർമ്മിച്ച അധികൃതരുടെ നടപടി ക്രമവിരുദ്ധമാണ്. തൊഴിൽ പരിശീലനമാണ് വിഭാവനം ചെയ്തതെങ്കിലും ടി കെട്ടിടത്തിന്റെ നിയന്ത്രണം പഞ്ചായത്തിൽ നിക്ഷിപ്തമല്ലാത്തതിനാൽ പഞ്ചായത്ത് തലത്തിൽ തൊഴിൽ പരിശീലനം നടത്തുന്നതിനോ മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ നടത്തുന്നതിനോ സാധ്യമാകുന്നില്ല.

കേരളാ പഞ്ചായത്ത് രാജ് നിയമം 173-ാം വകുപ്പ്, പ്രകാരം നിർണ്ണയിക്കപ്പെട്ടിട്ടുള്ള ജില്ലാ പഞ്ചായത്തുകളുടെ ചുമതലകളിൽപ്പെടുന്നതല്ല സ്വകാര്യ വ്യക്തികളുടെ നിയന്ത്രണത്തിലുള്ള സ്ഥലത്ത് തൊഴിൽ പരിശീലന കേന്ദ്രം സ്ഥാപിക്കുക എന്നത്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ പതിനൊന്നാം പഞ്ചവൽസരപദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ രേഖയിലും (സ.ഉ. (എം.എസ്.) 128/2007/തസ്വഭവ തീയതി: 14.5.2007) ഇപ്രകാരം തുക ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടില്ല. കൂടാതെ ടി മാർഗ്ഗരേഖ പ്രകാരം സമൂഹത്തിലെ താരതമ്യേന കൂടുതൽ ദരിദ്രരായവരിൽ ശ്രദ്ധ കേന്ദ്രീകരിച്ച് തൊഴിൽ അവസരങ്ങളും വരുമാന വർദ്ധനവും ഉണ്ടാകുന്നതിനുള്ള പ്രാദേശിക സാമ്പത്തിക വികസനത്തിന് മുന്തിയ പരിഗണന നൽകണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ അല്ലാതെയും പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങൾക്ക് സാമൂഹ്യനീതിയും പ്രാദേശിക സാമ്പത്തിക വികസനവും നടപ്പാക്കുവാൻ കഴിയണമെന്നില്ല.

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ പ്രസ്തുത തൊഴിൽ പരിശീലന കേന്ദ്രം കിടങ്ങൂർ ഗ്രാമപഞ്ചായത്തിന് കൈമാറുന്നതിന് 8.1.2010 ൽ കൂടിയ ജില്ലാ പഞ്ചായത്ത് ജനറൽ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട് എന്ന് സെക്രട്ടറി അറിയിച്ചിരുന്നു. ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടം വിട്ടുകിട്ടിയതിന്റെ തെളിവായി ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ചേർത്തതിനുള്ള ഔദ്യോഗിക രസീത് ജില്ലാ പഞ്ചായത്തിൽ ഹാജരാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കിടങ്ങൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് എന്നും അറിയിച്ചിരുന്നു. എന്നാൽ കെട്ടിടം വിട്ടുകിട്ടുന്നതിന് ആവശ്യമായ ഭൂമിയുടെ ഉടമസ്ഥാവകാശം പഞ്ചായത്തിൽ നിക്ഷിപ്തമാക്കുന്നതിനു എന്ത് നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമല്ല.

മേൽ കാരണങ്ങളാൽ ഈ പദ്ധതിയ്ക്കായി ജില്ലാ പഞ്ചായത്ത് ആകെ ചെലവഴിച്ച 1714297 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ കെട്ടിടം ഗ്രാമപഞ്ചായത്തിന് കൈമാറുന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിയമവിരുദ്ധമായി പദ്ധതി തയ്യാറാക്കി അംഗീകാരം നൽകിയ പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ, നിർവഹണ ഉദ്യോഗസ്ഥൻ എന്നിവരിൽ നിന്നും പലിശ സഹിതം തുക ഈടാക്കേണ്ടതാണ്.

### 3.3) സമ്പൂർണ്ണ ഊർജ്ജസുരക്ഷ പദ്ധതി-നിർവഹണ ഏജൻസിയെ ഏൽപ്പിച്ചത്-30 ലക്ഷം രൂപ പാഴ്ചെലവ്

പതിനൊന്നാം പഞ്ചവൽസര പദ്ധതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുവാൻ നിർദ്ദേശിച്ചിട്ടുള്ള മുൻനിര പ്രോജക്ടുകളിൽ ഒന്നാണ് സമ്പൂർണ്ണ ഊർജ്ജ സുരക്ഷ പരിപാടി, ഏജൻസി ഫോർ നോൺ കൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി (അനെർട്ട്) മുഖേനയാണ് ഈ പദ്ധതി നടപ്പാക്കാൻ സർക്കാർ ഉത്തരവായിട്ടുള്ളത്. ജില്ലയിലെ തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിലെ സമഗ്ര ഊർജ്ജാസൂത്രണ പരിപാടികളായ അനിവാര്യ സർവേ, ഊർജ്ജ സൈറ്റുകൾ പട്ടികപ്പെടുത്തൽ പരിശോധന, അക്ഷയ ഊർജ്ജ പ്രതിഷ്ഠാപനങ്ങൾ, റിപ്പയറിംഗ്, പരിശീലനം എന്നിങ്ങനെയുള്ള പരിപാടികൾ രണ്ടു ഘട്ടമായി നടപ്പാക്കുന്നതിന് തീരുമാനി

ക്കുകയും ഒന്നാം ഘട്ട പ്രവർത്തനങ്ങൾക്കായി 2007-08 പദ്ധതി വർഷം 15 ലക്ഷം രൂപ അനെർട്ടിൽ നിക്ഷേപിക്കുകയും ചെയ്തു.

രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി 2008-09 ൽ പദ്ധതി രൂപീകരിക്കുകയും (പ്രോജക്ട് നമ്പർ 254/09) 15 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തു. അനെർട്ടിൽ വകയിരുത്തുകയും ചെയ്തു. അനെർട്ടിൽ ഡെപ്പോസിറ്റ് ചെയ്യുന്നതിനായി ടി തുക 31.3.2009 ൽ (ഡി.ഡി.നം. 064094) പ്ലാൻ ഫണ്ടിൽ നിന്നും പിൻവലിച്ചിരുന്നു. എന്നാൽ തുക നൽകുന്നതുമായി ബന്ധപ്പെട്ട എഗ്രിമെന്റിൽ ഏർപ്പെടാൻ തയ്യാറാകാത്തതിനാൽ നാളിതുവരെ ടി തുക അനെർട്ടിന് കൈമാറിയിട്ടില്ല. 15 ലക്ഷം രൂപയുടെ ഡിമാന്റ് ഡ്രാഫ്ട് ജില്ലാ പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുകയാണ്.

ഈ പദ്ധതിക്കായി ആകെ 30 ലക്ഷം രൂപ പ്ലാൻ ഫണ്ടിൽ നിന്നും പിൻവലിച്ചെങ്കിലും നാളിതുവരെ പദ്ധതി പ്രവർത്തനങ്ങൾ ഒന്നും തന്നെ നടത്തിയിട്ടില്ല. പ്രോജക്ട് നിർവഹണത്തിനായി ജനപങ്കാളിത്തം ഉറപ്പാക്കേണ്ടതും പ്രോജക്ടിൽ നിർദ്ദേശിക്കുന്ന ക്രമത്തിലുള്ള എണ്ണം മാസ്റ്റർ ട്രെയിനർമാരെയും വോളണ്ടിയർമാരെയും സംഘടനകളെയും കണ്ടെത്തി തെരഞ്ഞെടുത്ത് പ്രവർത്തി നിർവഹണത്തിന് തയ്യാറാക്കേണ്ടത് തദ്ദേശഭരണസ്ഥാപനത്തിന്റെ ചുമതലയാണ്. കൂടാതെ ഗുണഭോക്തൃനിർണ്ണയം, ഗുണഭോക്തൃപ്രദേശ നിർണ്ണയം ഗുണഭോക്തൃസ്ഥാപനത്തിന്റെ നിർണ്ണയം എന്നിവ സമ്പൂർണ്ണ ഊർജ്ജസുരക്ഷാമിഷന്റെ ജില്ലാ കോർഡിനേഷൻ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം നടത്തേണ്ടത് തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വമാണ്.

എന്നാൽ മേൽ പറഞ്ഞ പ്രവർത്തനങ്ങൾ ഒന്നും തന്നെ നാളിതുവരെ നടത്തിയിട്ടില്ല. ഇതിനുവേണ്ട നിർദ്ദേശങ്ങൾ ഒന്നും അനെർട്ടിൽ നിന്നും പഞ്ചായത്തിന് ലഭിച്ചിട്ടുമില്ല. രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി 15 ലക്ഷം രൂപ നൽകുന്നതിനു മുന്നോടിയായി എഗ്രിമെന്റിൽ ഒപ്പു വയ്ക്കുന്നതിന് പല ആവർത്തി ആവശ്യപ്പെട്ടിട്ടു അനെർട്ട് അധികൃതർ ആയത് ചെയ്തിട്ടില്ല. തന്മൂലം പദ്ധതി തുകയിൽ നിന്നും പിൻവലിച്ച 15 ലക്ഷം രൂപയുടെ ഡിമാന്റ് ഡ്രാഫ്ട് ഏകദേശം 10 മാസമായി ജില്ലാ പഞ്ചായത്തിന്റെ കൈവശം സൂക്ഷിച്ചിരിക്കുകയാണ്.

മേൽ സാഹചര്യത്തിൽ 2008-09 വർഷം പിൻവലിച്ച 15 ലക്ഷം രൂപ അടിയന്തിരമായി തിരികെ പ്ലാൻ ഫണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. (ജി.ഒ.(പി) നമ്പർ 177/2006/ധന തീയതി: 12.4.2006 പ്രകാരം 30 ദിവസത്തിൽ അധികമായി സൂക്ഷിച്ചിരിക്കുന്ന തുകകൾ ട്രഷറി ചലാൻ മുഖേന തിരിച്ചടയ്ക്കേണ്ടതാണ്.) പദ്ധതി നടപ്പാകാത്ത സാഹചര്യത്തിൽ ഒന്നാം ഘട്ടമായി അനെർട്ടിൽ ഡെപ്പോസിറ്റ് ചെയ്ത 15 ലക്ഷം രൂപ തിരികെ ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

**3.4) ഡി ഫൈബറിംഗ് യൂണിറ്റ് - സാങ്കേതിക വിദ്യ കാലഹരണപ്പെട്ടുപോയതിനാലും യന്ത്രങ്ങൾ തുരുമ്പെടുത്ത് പോയതിനാലും പദ്ധതി പൂർത്തീകരിക്കുവാൻ സാധിക്കാത്തത്- 24.12 ലക്ഷം രൂപ പാഴ്ചെലവ്**

വൈക്കം ഡിവിഷനിൽ ചെമ്മനകരി എന്ന സ്ഥലത്ത് പച്ചത്തൊണ്ടിൽ നിന്നും ചകിരിനാര് ഉൽപ്പാദിപ്പിക്കുന്ന ഡിഫൈബറിംഗ് യൂണിറ്റ് ആരംഭിക്കുന്നതിന് 27.23 ലക്ഷം രൂപയുടെ പദ്ധതി ജില്ലാ പഞ്ചായത്ത് 1998-99 വർഷം ആവിഷ്കരിച്ചിരുന്നു. (പ്രോജക്ട് നമ്പർ 69/98-99). ചെമ്മനകരി കയർ വ്യവസായ സഹകരണ സംഘത്തിന്റെ

നേതൃത്വത്തിൽ യൂണിറ്റ് പ്രവർത്തനം നടത്തുന്നതിനാണ് ലക്ഷ്യമിട്ടത്. 2000-01 മുതൽ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുകയും സ്ഥലം വാങ്ങൽ, കെട്ടിടം നിർമ്മാണം, യന്ത്രസാമഗ്രികളുടെ വാങ്ങൽ, മറ്റ് ചെലവുകൾ എന്നിവയ്ക്കായി നാളിതുവരെ 24.12. ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. ഇത്രയും ഭീമമായ തുക ചെലവഴിച്ചു എങ്കിലും യൂണിറ്റ് പൂർണ്ണമായി പ്രവർത്തനക്ഷമമാകുകയോ ഉൽപ്പാദനം ആരംഭിക്കുകയോ ചെയ്തിട്ടില്ല. ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| സ്ഥലം വാങ്ങുന്നതിന് | 175000 | 2000-01 വർഷം |
| കെട്ടിടനിർമ്മാണം | 1076394 | 2001-02 മുതൽ 2005-06 വരെ |
| യന്ത്രസാമഗ്രികൾ | 954000 | 2001-02 വരെ |
| ഇലക്ട്രിക്കൽ കണക്ഷൻ | 167420 | 2002-03 |
| മറ്റ് ചെലവുകൾ | 39650 | - |
| ആകെ | 2412464 | - |

മേൽ വിവരിച്ച അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിരുന്നെങ്കിലും വിവിധ കാരണങ്ങളാൽ യൂണിറ്റ് നാളിതുവരെ പ്രവർത്തന ക്ഷമമമായിട്ടില്ല. സ്ഥലം ഏറ്റെടുക്കുന്നതിലെ കാലതാമസം, കെട്ടിടവും മറ്റ് അനുബന്ധ സൗകര്യങ്ങളും പൂർത്തീയാക്കുന്നതിന് മുമ്പ് തന്നെ യന്ത്രഭാഗങ്ങൾ വാങ്ങികൂട്ടിയത്, വൈദ്യുതി കണക്ഷൻ ലഭ്യമാകുന്നതിലെ കാലതാമസം, വിവിധ വർഷങ്ങളിൽ ഫണ്ട് വകയിരുത്തുന്നതിൽ സംഭവിച്ച അലംഭാവം, മേൽനോട്ട സംവിധാനത്തിന്റെ കുറവ് എന്നിവ മൂലം ഭീമമായ തുക പാഴ്ചെലവായിരിക്കുകയാണ്.

വൈക്കം കയർ പ്രോജക്ട് ഓഫീസറുടെ 24.3.09 ലെ ബി2/795/06 നമ്പർ റിപ്പോർട്ട് പ്രകാരം ഡീഫൈബറിംഗ് മില്ല് തുരുമ്പെടുത്ത് പ്രവർത്തിക്കുവാൻ കഴിയാത്ത സ്ഥിതിയിലാണ്. യന്ത്രത്തോടൊപ്പം സ്ഥാപിച്ചിരിക്കുന്ന ഇലക്ട്രിക് മോട്ടോറുകളുടെ പ്രവർത്തന ക്ഷമതയും സംശയകരമാണ്. കയർ ബോർഡ് അംഗീകൃത വിദഗ്ധ ഏജൻസി ടി യൂണിറ്റ് പരിശോധിച്ചതിൽ ഈ സാങ്കേതിക വിദ്യ തന്നെ കാലഹരണപ്പെട്ടും പോയി എന്ന റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ തുരുമ്പെടുത്ത യന്ത്രഭാഗങ്ങൾ വിൽക്കുന്നതിനും പകരം പുതിയ സാങ്കേതിക വിദ്യ അനുസരിച്ചുള്ള ഫൈബർ എക്സ്ട്രാക്ഷൻ യൂണിറ്റ് സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടെ സ്ഥാപിക്കുന്നതിനും കയർ പ്രോജക്ട് ഓഫീസർ ശുപാർശ ചെയ്തിട്ടുണ്ട്. ഇത്തരം സന്ദർഭങ്ങൾ എപ്രകാരം പ്രയോജനകരമാക്കാമെന്ന് വിദഗ്ധ പഠനം നടത്തേണ്ടതും പണം പാഴാകാതെ സംരക്ഷിക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതുമാണ്.

ആസൂത്രണത്തിലേയും നിർവഹണത്തിലേയും അപാകതകൾ മൂലം പദ്ധതികൾ പരാജയപ്പെടുന്നതും തദ്വാര ഭീമമായ തുക പാഴാകുന്നതും ഒഴിവാക്കപ്പെടേണ്ടതുമാണ്.

**3.5) ഗുണഭോക്തൃ വിഹിതമായി ബില്ലിൽ നിന്നും കുറവ് ചെയ്ത തുക -പ്ലാൻ ഫണ്ടിൽ നിന്നും പിൻവലിച്ച് തനതു ഫണ്ടിൽ നിക്ഷേപിച്ചത്-ക്രമരഹിതം**

2008-09 വാർഷിക പദ്ധതിയിൽ കീഴിൽ ജില്ലാ പഞ്ചായത്ത് ഗുണഭോക്തൃസമിതി വഴി ഏതാനും കുടിവെള്ള/ജലസേചന പദ്ധതികൾ നടപ്പാക്കിയിരുന്നു. ഇത്തരം എല്ലാ പ്രവർത്തികളിലും അടങ്കൽ തുകയുടെ 10% തുക ഗുണഭോക്തൃവിഹിതമായി വകയിരു

ത്തുകയും അവസാന ബിൽ/പാർട്ട് ബിൽ തുകയിൽ നിന്നും ആനുപാതികമായ തുക കുറവ് ചെയ്ത് ബന്ധപ്പെട്ട ഗുണഭോക്തൃ സമിതി കൺവീനർമാർക്ക് നൽകുകയും ചെയ്തിരുന്നു. എന്നാൽ പഞ്ചായത്തിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് നടപ്പാക്കിയ ഈ പദ്ധതികളിലൂടെ ഗുണഭോക്തൃവിഹിതം പ്ലാൻ ഫണ്ടിൽ നിന്നും (ഡി പി എഫ് അക്കൗണ്ട് നമ്പർ - 2) നിന്നും പിൻവലിച്ച് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിക്ഷേപിച്ചതായി കാണുന്നു. (ഡി.പി.എഫ്-1) ഗുണഭോക്തൃവിഹിതമായി ബില്ലിൽ നിന്നും കുറവ് ചെയ്ത തുക ഇപ്രകാരം പഞ്ചായത്ത് തനത് ഫണ്ടിൽ നിക്ഷേപിച്ച് യഥേഷ്ടം ചെലവഴിക്കുന്നത് അനുവദനീയമല്ല. പ്ലാൻ ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന പ്രവർത്തികൾ വഴി സമാഹരിക്കുന്ന ഗുണഭോക്തൃവിഹിതം പ്ലാൻ ഫണ്ടിൽ തന്നെ ക്രെഡിറ്റ് ചെയ്യേണ്ടതാണ്. വകമാറ്റിയ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | പദ്ധതികളുടെ പേര് | പിൻവലിച്ച തുക | ബിൽ നമ്പർ/തീയതി |
|---|---|---|---|
| 5 | പനന്താനം ഇറിഗേഷൻ | 15953 | 213/31.3.09 |
| 6 | പേരൂർപറമ്പ് കുടിവെള്ളം | 102405 | 249/31.3.09 |
| 43 | ഇടക്കോലി ചെക്ക് ഡാം | 78988 | 14/14.10.08 |
| 52 | ചക്കാമ്പുഴ ഇറിഗേഷൻ | 50000 | 146/31.3.09 |
| 101 | മൂരിപ്പാറ ഇറിഗേഷൻ | 39644 | 248/31.3.09 |
| 122 | മഹാത്മ കോളനി കുടിവെള്ളം | 19630 | 238/31.3.09 |
| 292 | പട്ടിമറ്റം-മൊയ്തീൻപറമ്പ് കുടിവെള്ള പദ്ധതി | 44704 | 250/31.3.09 |
| 296 | കല്ലറ പഞ്ചായത്തിൽ പാറയിൽ കോളനി ബണ്ട് തോടിന് ആഴം കൂട്ടൽ | 42603 | 206/31.3.09 |
| 314 | കുന്നോന്നി എസ്.സി. കോളനി അടിസ്ഥാന സൗകര്യ വികസനം | 33605 | 215/31.3.09 |
| ആകെ | | 427532 | |

നിയമപ്രകാരമല്ലാതെ പഞ്ചായത്ത് തനത് ഫണ്ടിലേക്ക് വകമാറ്റിയ ടി തുക അടിയന്തിരമായി ഡി.പി.എഫ്.എ -2 ലേക്ക് മാറ്റേണ്ടതാണ്.

**3.6) അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മുഖേനെ ഏറ്റെടുത്ത പദ്ധതികൾ- പൂർത്തിയാക്കിയിട്ടില്ല-വൻ തുക പഞ്ചായത്തിന് തിരികെ കിട്ടാനുള്ളത്**

ജില്ലാ പഞ്ചായത്ത് 1998-99 മുതൽ 2001-02 വരെ കാലയളവിൽ വിവിധ ചെറുകിട കുടിവെള്ള വിതരണ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള ഏജൻസിയായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ വൈക്കം ശാഖയെ ചുമതലപ്പെടുത്തിയിരുന്നു. പദ്ധതി നടത്തിപ്പിനായി വൻ തുക മുൻകൂറായി ഏജൻസിക്ക് നൽകിയിരുന്നു. 1998-99 കാലയളവിനു 4005000 രൂപയും 199-2000 കാലയളവിൽ 8958759 രൂപയും ജില്ലാ പഞ്ചായത്ത് നൽകുകയുണ്ടായി.

എന്നാൽ വിവിധ കാരണങ്ങളാൽ ഏൽപ്പിച്ച എല്ലാ പദ്ധതികളും പൂർത്തിയാക്കിയിട്ടില്ല. വിവിധ ഗുണഭോക്തൃസമിതികളും ജില്ലാ പഞ്ചായത്തും നിരന്തരം കത്തിടപാടുകൾ നടത്തിയിട്ടും പദ്ധതി നിർവഹണത്തിൽ വേണ്ടത്ര പുരോഗതി ഉണ്ടായിട്ടില്ല.

ഫണ്ടിന്റെ അഭാവം മൂലവും സാധന സാമഗ്രികളും വിലക്കയറ്റവും മൂലം ഇപ്പോൾ പദ്ധതി പ്രവർത്തനങ്ങൾ ഒന്നും തന്നെ നടത്തുന്നില്ല.

വിവിധ കാലയളവുകളിൽ ജില്ലാ പഞ്ചായത്ത് നൽകിയ തുകയുടെയും അവയുടെ വിനിയോഗത്തിന്റെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (30.11.2008 വരെയുള്ള അവസ്ഥ കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്).

| പദ്ധതി വർഷം | നൽകിയ തുക | ചെലവഴിച്ച തുക | ആവിഷ്കരിച്ച പദ്ധതികൾ | പൂർത്തിയാക്കിയ പദ്ധതികൾ |
|---|---|---|---|---|
| 1998-99 | 4005000 | 3289365 | 31 | 26 |
| 1999-2000 മുതൽ 2001-02 വരെ | 8958759 | 6652245 | 34 | 21 |
| ആകെ | 12963759 | 9941610 | 65 | 47 |

സമയബന്ധിതമായി പണി പൂർത്തിയാക്കാതെ ഒഴിഞ്ഞു മാറുന്ന രീതിയാണ് നിർവഹണ ഏജൻസിയുടെ ഭാഗത്തു നിന്നുണ്ടായതെന്നു വിലയിരുത്തുന്നു. ഈ പദ്ധതി നിർവഹണത്തിനു ഏൽപ്പിച്ച പണം വകമാറ്റി ദൈനംദിന ചെലവുകൾക്ക് വിനിയോഗിച്ചതായും കരുതേണ്ടിയിരിക്കുന്നു. നിർവഹണ ഏജൻസിയുടെ സാമ്പത്തിക ഭദ്രതയില്ലായ്മയും കാരണമായി വിലയിരുത്തേണ്ടി വരുന്നു. പദ്ധതികൾ ആവിഷ്കരിച്ച് അടങ്കൽ തയ്യാറാക്കിയിട്ട് ഏകദേശം പത്ത് വർഷമായതിനാലും സാധനസമാഗ്രികളുടെ വിലയും തൊഴിൽ കൂലിയും വളരെയധികം വർദ്ധിച്ചതിനാലും നിലവിലുള്ള അടങ്കൽ പ്രകാരം വേലകൾ പൂർത്തിയാക്കുന്നതിന് നിർവഹണ ഏജൻസിക്ക് കഴിയാത്ത സാഹചര്യമാണുള്ളത്. ആയതിനാൽ ജില്ലാ പഞ്ചായത്ത് അധികമായി നൽകിയ 3022149 രൂപ (12963759-9941610) നിർവഹണ ഏജൻസിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ഇതിലേയ്ക്ക് സർക്കാരിന്റെ അടിയന്തിര ശ്രദ്ധയുണ്ടാകണമെന്നും അഭിപ്രായപ്പെടുന്നു.

**3.7) കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾ**

അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി വികസനമേഖലയിലെ ധാരാളം സർക്കാർ ഓഫീസുകളും സ്ഥാപനങ്ങളും ജില്ലാ പഞ്ചായത്തിന് കൈമാറി കിട്ടിയിട്ടുണ്ട്. കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ ദൈനംദിന ആവശ്യങ്ങൾക്കുള്ള ചെലവുകളും അറ്റകുറ്റപ്പണികളും പഞ്ചായത്ത് ഏറ്റെടുത്തു നടത്തുന്നു. ടി സ്ഥാപനങ്ങളിൽ നിന്നുമുള്ള വരുമാനം പഞ്ചായത്ത് അക്കൗണ്ടിൽ (ഡി.പി.എഫ് -1) ആണ് നടക്കുന്നത്. ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി (അനുബന്ധം 2) ചേർക്കുന്നു. ഏതാനും ചില സ്ഥാപനങ്ങളിൽ നേരിട്ട് പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

**(എ) ജില്ലാ കൃഷിത്തോട്ടം, കോഴ**

ഏകദേശം 38 ഹെക്ടർ സ്ഥലവിസ്തൃതിയുള്ള ജില്ലാ കൃഷിത്തോട്ടം വിവിധയിനം കാർഷിക വിത്തിനങ്ങളും തൈകളും ഉൽപ്പാദിപ്പിക്കുന്നു. കൃഷിത്തോട്ടത്തിൽ നിന്നുള്ള വരുമാനം പൂർണ്ണമായും ജില്ലാ പഞ്ചായത്തിൽ അടയ്ക്കുന്നു. സ്ഥാപനത്തിന്റെ കണക്കു പ്രകാരം തൻവർഷം ആകെ 57.95 ലക്ഷം രൂപ മൂല്യമുള്ള ഉൽപ്പന്നങ്ങൾ വിറ്റഴിച്ചിട്ടുണ്ട്. ഈ തുകയിൽ 2643417 രൂപ നേരിട്ട് ജില്ലാ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. 1991256 രൂപ മൂല്യമുള്ള നടീൽ വസ്തുക്കൾ വിവിധ കൃഷിഭവൻ വഴി

വിതരണം ചെയ്തു. നടീൽ വസ്തുക്കളുടെ വില ബന്ധപ്പെട്ട കൃഷിഭവൻ നേരിട്ട് ജില്ലാ പഞ്ചായത്തിൽ അടയ്ക്കേണ്ടതാണ്. എന്നാൽ തുക അടച്ചത് സംബന്ധിച്ച വിശദവിവരങ്ങൾ ജില്ലാ പഞ്ചായത്തിന്റെ പക്കലോ ജില്ലാ കൃഷിത്തോട്ടം അധികൃതരുടെ പക്കലോ ഇല്ല. ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി 511268 രൂപ ഇനിയും പഞ്ചായത്തിൽ അടക്കുവാൻ അവശേഷിക്കുന്നുണ്ട് എന്ന് കൃഷിത്തോട്ടം അധികൃതർ അറിയിച്ചിരുന്നു. കൃഷിഭവനുകൾ വഴി വിതരണം ചെയ്യുന്ന നടീൽ വസ്തുക്കളുടെ വില വാങ്ങുന്നതിനായി 40 കൃഷിഭവനുകൾക്ക് ജില്ലാ പഞ്ചായത്തിൽ നിന്നും ഓരോ ഔദ്യോഗിക രസീത് ബുക്കുകൾ നൽകിയിട്ടുണ്ട്. (പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർ വഴി) ജില്ലയിലെ ബാക്കി 35-ഓളം കൃഷിഭവനുകൾ ഔദ്യോഗിക രസീത് മുഖേനയല്ല നടീൽ വസ്തുക്കളുടെ വില ഈടാക്കുന്നത് എന്നു കാണുന്നു. ഈ തുക ജില്ലാ പഞ്ചായത്തിൽ നേരിട്ട് അടക്കുന്നുണ്ടോ എന്ന് വ്യക്തമല്ല.

ഇപ്രകാരം ജില്ലാ പഞ്ചായത്ത് സ്ഥാപനങ്ങൾ വഴി വിവിധ കൃഷിഭവനുകൾക്ക് നൽകുന്ന വസ്തുക്കളുടെ വില ഈടാക്കുന്നത് സംബന്ധിച്ച് ശക്തമായ മേൽനോട്ട സംവിധാനം ആവശ്യമാണ്. എല്ലാ കൃഷിഭവനുകളിലും ഔദ്യോഗിക രസീത് നൽകേണ്ടതാണ്. നിലവിൽ കൃഷിത്തോട്ടത്തിൽ നിന്നും കൃഷി ഭവനുകളിൽ നിന്നുമുള്ള വരുമാനം ജില്ലാ പഞ്ചായത്തിന്റെ ട്രഷറി അക്കൗണ്ടിൽ (ഡിപിഎഫ്എ-1) ആണ് അടയ്ക്കുന്നത്. ജില്ലയുടെ പല ഭാഗങ്ങളിലുമുള്ള സ്ഥാപനങ്ങൾക്ക് ഈ അക്കൗണ്ടിൽ യഥാസമയം തുക നിക്ഷേപിക്കുന്നതിന് വളരെ സാങ്കേതിക ബുദ്ധിമുട്ടുകൾ ഉണ്ട്. ആയതിനാൽ ജില്ലാ കൃഷിത്തോട്ടത്തിന്റെയും അനുബന്ധ സ്ഥാപനങ്ങളുടെയും വരവു ചെലവുകൾക്ക് മാത്രമായി എല്ലാ സ്ഥലങ്ങളിലും ശാഖകൾ ഉള്ള ഏതെങ്കിലും ദേശാസാൽകൃത ബാങ്കിൽ സർക്കാർ അനുമതിയോടെ അക്കൗണ്ട് തുടങ്ങുന്നത് ഇപ്രകാരമുള്ള വരവു തുകകൾ നിക്ഷേപിക്കുന്നതിന് സൗകര്യപ്രദമായിരിക്കും.

ജില്ലാ പഞ്ചായത്തിന് അഭിമാനിക്കാവുന്ന പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്ന ജില്ലാ കൃഷിത്തോട്ടത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക അതാതു സമയങ്ങളിൽ പഞ്ചായത്തിൽ നിന്നും നേരിട്ടാണ് നൽകുന്നത്. ഈ നടപടിക്രമം അനാവശ്യമായ കാലതാമസത്തിനും മറ്റ് പ്രായോഗിക ബുദ്ധിമുട്ടുകൾക്കും കാരണമാകുന്നുണ്ട്. ആയതിനാൽ ജില്ലാ കൃഷിത്തോട്ടം സൂപ്രണ്ടിന്റെ പേർക്ക് മതിയായ തുകക്കുള്ള പെർമനന്റ് അഡ്വാൻസ് അനുവദിച്ച് നൽകുന്നത് പഞ്ചായത്ത് സമിതിക്ക് പരിഗണിക്കാവുന്നതാണ്.

**ബി) വാലച്ചിറ സ്റ്റേറ്റ് സീഡ് ഫാം**

കുടുത്തുരുത്തി ഗ്രാമപഞ്ചായത്ത് പ്രവിശ്യയിൽ സ്ഥിതി ചെയ്യുന്നതും പാടശേഖരവും കരയും ഉൾപ്പെടുന്നതും ഏകദേശം 40 ഏക്കറോളം വിസ്തൃതിയുമുള്ള കൃഷിത്തോട്ടമാണ് വാലാച്ചിറ സ്റ്റേറ്റ് സീഡ് ഫാം. വിവിധ വിളകളുടെ മേൽത്തരം വിത്തിനങ്ങൾ ഉൽപ്പാദിപ്പിച്ച് കൃഷി ഓഫീസുകൾ വഴി വിതരണം ചെയ്യുകയും ശേഷിക്കുന്നവ ലേലത്തിൽ വിൽക്കുകയും ചെയ്തുവരുന്നു. കൃഷിഭവനുകൾക്ക് വിതരണം ചെയ്ത വിത്തുകളുടെ കണക്കു പരിശോധനയിൽ 23.6.09 മുതൽ 2.7.09 വരെയുള്ള കാലയളവിൽ 72 കൃഷിഭവനുകളിലായി വിതരണം ചെയ്യപ്പെട്ട 8115 തെങ്ങിൻ തൈകളുടെ വില സീഡ് ഫാമിലേയ്ക്ക് നാളിതുവരെ ഒടുക്കപ്പെട്ടിട്ടില്ലാത്തതായി കണ്ടെത്തി.

**കാർഷിക വിളകളുടെ കുറഞ്ഞ വിൽപ്പന വില**

ലേലം ചെയ്തു വിൽക്കുന്ന കാർഷിക വിളകളുടെ വില താരതമ്യേന കുറവാണ് എന്നു കാണുന്നു. ഉദാഹരണത്തിന് 12.8.09 ൽ 2086 ഒന്നാം തരം തേങ്ങകൾ തേങ്ങ ഒന്നിന് 3.25 രൂപയ്ക്കും 613 രണ്ടാം തരം തേങ്ങകൾ തേങ്ങ ഒന്നിന് 1 രൂപ 60 പൈസയ്ക്കും ലേലത്തിൽ വിൽക്കപ്പെട്ടിരിക്കുന്നു. അതുപോലെ തന്നെ പൊതുവിപണിയിൽ 8 രൂപ മുതൽ 10 രൂപ വരെ ഒരു കിലോ കപ്പയ്ക്ക് വിലയുള്ളപ്പോൾ 8.7.09 ൽ സീഡ് ഫാം വിറ്റിരിക്കുന്നത് കിലോയ്ക്ക് 4 രൂപ 50 പൈസ നിരക്കിലാണ്. 1500 ചുവടുകളിൽ നിന്ന് 2980 കിലോഗ്രാം കപ്പയാണ് ലഭിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുള്ളത്. ആകയാൽ മേൽ വിഷയത്തിലേയ്ക്ക് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

**രസീതുകൾ നഷ്ടപ്പെട്ടു**

സീഡ് ഫാമിലെ ഉപയോഗത്തിനായി ജില്ലാ പഞ്ചായത്ത് നൽകിയ 61265-ാം നമ്പർ രസീത് ബുക്കിന്റെ 20-ാം നമ്പർ രസീതിന്റെ അസ്സലും ഇരട്ടിപ്പും രസീതു ബുക്കിൽ നിന്നും അടർത്തിമാറ്റിയതായി ശ്രദ്ധയിൽപ്പെട്ടു. ഇതിന്മേൽ വിശദമായ അന്വേഷണം നടത്താൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു. അന്വേഷണത്തിൽ ലഭിക്കുന്ന വിവരം ഓഡിറ്റിനെ കൂടി അറിയിക്കേണ്ടതും ഏതെങ്കിലും തിരിമറിയുണ്ടായിട്ടുണ്ടെങ്കിൽ മേൽ നടപടി സ്വീകരിക്കേണ്ടതുമാണ്.

**വരവിനത്തിന് രസീത് നല്കിയില്ല**

നാളികേരത്തിന്റെ നാലാം വിളവെടുപ്പിൽ ഒന്നാംതരം നാളികേരം 1318 എണ്ണം 5 രൂപയും 60 പൈസ നിരക്കിലും 2-ാം തരം 342 എണ്ണം 3 രൂപ 15 പൈസ നിരക്കിലും വിറ്റ ഇനത്തിൽ ലഭിച്ചു. 8458 രൂപ വരവിലുണ്ട്. എന്നാൽ ടി തുകയ്ക്ക് സീഡ് ഫാം രസീത് നൽകിയിട്ടുള്ളതായി കാണുന്നില്ല.

**ഭക്ഷ്യയോഗ്യമായ നെല്ല് ലേലം ചെയ്തു മുതൽ കൂട്ടിയില്ല**

ഉമ എഫ്.എസ്. 2 ഇനത്തിൽപ്പെട്ട ഭക്ഷ്യയോഗ്യമായ 10440 കി.ഗ്രാം നെല്ലും 780 കി.ഗ്രാം ജ്യോതി നെല്ലും സ്റ്റോക്കിൽ ഉള്ളതായി ഹാർവെസ്റ്റ് രജിസ്റ്റർ വ്യക്തമാക്കുന്നു. എന്നാൽ ടി നെല്ല് നാളിതുവരെ ലേലം ചെയ്തു മുതൽ കൂട്ടിയിട്ടില്ല. നെല്ല് നശിച്ചുപോകാതെ ലേലത്തിൽ വിൽക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. അതുപോലെ തന്നെ 28040 കി.ഗ്രാം നെൽ വിത്തിന്റെ വിലയായ 392630 രൂപ കേരള സ്റ്റേറ്റ് സീഡ് അതോറിറ്റിയിൽ നിന്നും ലഭിയ്ക്കാൻ ബാക്കി നിൽക്കുന്നതായി ഓഡിറ്റിൽ ശ്രദ്ധയിൽപ്പെട്ടു. ടി തുക ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**സി) ജില്ലാ പഞ്ചായത്തിന്റെ അനുമതിയില്ലാതെ തടികൾ ലേലം**

ജില്ലാ പഞ്ചായത്തിനു വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ മേലാദായം സമാഹരിക്കേണ്ടത് ജില്ലാ പഞ്ചായത്തിന്റെ അനുമതിയോടെയും ആയതിന്റെ ക്രയവിക്രയം ജില്ലാ പഞ്ചായത്തിലൂടെയും ആയിരിക്കേണ്ടതാണ്. (സർക്കുലർ നമ്പർ 15523/ഡി.പി1/03 ത.സ്വ.ഭ.വ. തീയതി: 23.10.2003) എന്നാൽ മേൽ വിഭാഗത്തിൽപ്പെട്ട സ്ഥാപനങ്ങൾ ജില്ലാ പഞ്ചായത്തിന്റെ അനുമതിയോ അറിവോ ഇല്ലാതെ മേലാദായം ക്രയവിക്രയം ചെയ്തിട്ടുള്ളതായി ഓഡിറ്റിൽ ശ്രദ്ധയിൽപ്പെട്ടു.

നെടുങ്കുന്നം ഹയർ സെക്കണ്ടറി സ്കൂൾ വളപ്പിലെ ഏകദേശം 100 ഘന അടിയിൽ കൂടുതലുള്ള ആഞ്ഞിലി മരവും തോട്ടയ്ക്കാട് ഹയർ സെക്കണ്ടറി സ്കൂൾ വളപ്പിലുണ്ടായിരുന്ന തേക്കു തടിയും ലേലത്തിൽ വിറ്റിട്ടുള്ളത് ജില്ലാ പഞ്ചായത്തിന്റെ അറിവോ അനുമതിയോ ഇല്ലാതെയാണ്. അതുപോലെ തന്നെ മേലാദായങ്ങളായ

തേങ്ങ ശേഖരിക്കുന്നതും വിൽക്കുന്നതും ജില്ലാ പഞ്ചായത്ത് അറിഞ്ഞിട്ടില്ല. ഇതു സംബന്ധിച്ച വിശദീകരണം പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും തേടേണ്ടതും പഞ്ചായത്തിനു ലഭിയ്ക്കേണ്ട വരുമാനം ചോർച്ചയില്ലാതെ ലഭിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതുമാണ്.

**ഡി) വെളിയന്നൂർ ഗ്രാമപഞ്ചായത്ത്-കാഞ്ഞിരമല ലക്ഷം വീട് കോളനി-വനിതാ ഉൽപ്പന്ന വിപണന കേന്ദ്രനിർമ്മാണം-പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല**

2006-07 വർഷത്തിൽ 019/07 നമ്പരായി 500000 രൂപ അടങ്കൽ നിശ്ചയിച്ച് ഏറ്റെടുത്ത പ്രോജക്ട് 2008-09 വർഷത്തിലാണ് പൂർത്തീകരിച്ചത്. വെളിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് 2 നിലകളിലായി കെട്ടിടം നിർമ്മിക്കുന്നതിനും ഒന്നാം നിലയിൽ ഉൽപ്പാദനവും രണ്ടാം നിലയിൽ വിപണനവും നടത്തുന്നതിന് ലക്ഷ്യമിട്ട് ഉൽപ്പാദന മേഖലയിൽ നീക്കിവെച്ചിരുന്ന തുകയാണ് പ്രോജക്ട് നിർവഹണത്തിന് വേണ്ടി ചെലവഴിച്ചത്. കെട്ടിട നിർമ്മാണം നടന്ന സൈറ്റിൽ നിലവിൽ ഒരു റ്റി.വി. സെന്ററും കിണറും നിലനിന്നിരുന്നു. 2.8.07 ൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ സൈറ്റ് സന്ദർശിച്ച് പഴയ കെട്ടിടം പൊളിച്ച് നീക്കേണ്ടതുണ്ടെന്നും കിണർ മൂടേണ്ടതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ പ്രാദേശിക വാസികളായ 50 വ്യക്തികൾ ജില്ലാ കലക്ടർക്ക് സമർപ്പിച്ച പരാതിയിൽ നാശോന്മുഖമായി തുടരുന്ന നിലവിലുള്ള കെട്ടിടം പ്രയോജന രഹിതമാണെന്നും പുതിയതായി ഒരു സാംസ്കാരിക നിലയം നിർമ്മിച്ച് നൽകണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ ജനകീയാവശ്യം പരിഗണിക്കാതെ നിലവിലുള്ള റ്റി.വി. സെന്ററും കിണറും അതേപടി നിലനിർത്തുന്നതിനും വനിതാ ഉൽപ്പന്ന വിപണന കേന്ദ്രം എന്ന നിലയിലുള്ള നിർമ്മാണം തുടരുന്നതിനുമാണ് അധികൃതർ തീരുമാനിച്ചത്.

ശ്രീ. വി.എം. ജോർജ് വലിയകണ്ടത്തിൽ എന്ന കരാറുകാരൻ 15% അധീകരിച്ച നിരക്കിൽ പ്രവൃത്തി ഏറ്റെടുത്ത് 20.3.2007 ൽ കരാറിൽ ഏർപ്പെട്ടെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചത് 6/08 ൽ മാത്രമാണ്. കാലതാമസമുണ്ടായതിന്റെ കാരണം വ്യക്തമല്ല. അളവ് പുസ്തകം 69/07 -08 പ്രകാരം 476587.80 രൂപ മൂല്യം നിശ്ചയിച്ച് 15% ടെണ്ടർ എക്സസ് ഉൾപ്പെടെ (71485.17) ആകെ 548075.97 രൂപയുടെ ബിൽ അനുവദിച്ചു. അടങ്കൽ തുകയായ 500000 രൂപയിൽ അധീകരിച്ചുള്ള ചെലവിന് സാമ്പത്തികാനുമതി നൽകിയിട്ടില്ല. ആവശ്യമായ സാധൂകരണം തേടേണ്ടതാണ്.

നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടം വനിതാ ഉൽപ്പന്ന വിപണന കേന്ദ്രം എന്ന നിലയിൽ ഉപയോഗിച്ച് തുടങ്ങിയിട്ടില്ലായെന്ന് ഓഡിറ്റ് നടത്തിയ അന്വേഷണത്തിൽ അറിയുന്നു. ടി പദ്ധതിക്ക് വേണ്ടിയുള്ള ചെലവ് ഉൽപ്പാദന മേഖലയിലും വനിതാ ഘടകപദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുള്ളത് സാധൂകരിക്കാവുന്ന തരത്തിൽ അടിസ്ഥാന ലക്ഷ്യങ്ങൾ കൈവരിക്കാനുള്ള ശ്രമങ്ങൾ നടത്തേണ്ടതാണ്. ഇക്കാര്യത്തിലേയ്ക്ക് അധികൃതരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

**3.8) ട്രാക്ടർ ഡ്രൈവർ നിലവിലുള്ളപ്പോൾ മെതിയന്ത്രം പ്രവർത്തിപ്പിക്കുന്നതിന് ദിവസവേതനത്തിന് ഡ്രൈവറെ നിയമിച്ചു**

ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 3 മെതിയന്ത്രങ്ങൾ (ഡിപ്പാർട്ട്മെന്റിന്റെ 3-ാം നമ്പർ മെതിയന്ത്രം ഉൾപ്പെടെ) പ്രവർത്തിപ്പിക്കുന്നതിന് ഡ്രൈവർമാർക്കും സൂപ്പർവൈസർമാർക്കും പരിശീലന നൽകുന്നതിന് 19.12.09 ൽ കൂടിയ ജില്ലാ പഞ്ചാ

യത്ത് വികസന സ്റ്റാന്റിംഗ് കമ്മറ്റിയുടെ 11-ാം നമ്പർ തീരുമാനത്തിൽ കാണുന്നു. ആയതിലേയ്ക്കായി ആവശ്യപ്പെട്ട ലിസ്റ്റിൽ അഗ്രികൾച്ചർ ഡിപ്പാർട്ട്മെന്റിലെ 4 മെക്കാനിക്കും, ഒരു ട്രാക്ടർ ഡ്രൈവറും ഉൾപ്പെടുന്നു. എന്നാൽ മേൽ പ്രതിപാദിച്ചവരെ പരിശീലനത്തിന് വിട്ടു നൽകായ്കയാൽ 10.2.2010 ൽ ബി 2 1/10 ആയി ജില്ലാ പഞ്ചായത്ത് കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർക്ക് കത്തു നൽകുകയുണ്ടായി. ടി കത്തിൽ ശ്രീ. സോജോ തോമസ് മേൽ ഓഫീസിൽ ജോലി ചെയ്യുന്ന ട്രാക്ടർ ഡ്രൈവറാണ്. ടി ഓഫീസിലെ ട്രാക്ടർ ദീർഘകാലമായി കേടുപാട് സംഭവിച്ച് പ്രവർത്തന രഹിതമായി കിടക്കുകയാണ്. മേൽ സാഹചര്യത്തിൽ ടിയാനെ മെതിയന്ത്രത്തിന്റെ ഡ്രൈവറായി നിയമിച്ചിരുന്നുവെങ്കിൽ മണിക്കൂറിന് 100 രൂപ കണക്കിൽ വേതനം ഇനത്തിൽ നൽകുന്ന ചെലവ് ജില്ലാ പഞ്ചായത്തിന് ഒഴിവാക്കാവുന്നതാണ്. ആകയാൽ മേൽ പ്രതിപാദിച്ചവർക്ക് പരിശീലനം നൽകാൻ അലംഭാവം കാട്ടുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയരുടെ നടപടി അനാവശ്യ ചെലവു വരുത്തിവെക്കുന്നതും തൊഴിലെടുക്കാതെ ജീവനക്കാർക്കു ശമ്പളം നല്കി സംരക്ഷിക്കുന്നതുമാണ്. .ഭരണസമിതിയും സർക്കാരും ഇക്കാര്യം ശ്രദ്ധിക്കുന്നതു അനാവശ്യ ഭരണച്ചെലവു കുറയ്ക്കാൻ ഉപകരിക്കുമെന്നു അഭിപ്രായപ്പെടുന്നു.

**3.9) സമ്പൂർണ്ണ ശുചിത്വ പദ്ധതി-2009- ഗ്രാമപഞ്ചായത്തുകൾക്കുളള വിഹിതം പൂരകമായല്ല ഉൾപ്പെടുത്തിയിരിക്കുന്നത്**

പ്രോജക്ട് നമ്പർ : 266/08
അടങ്കൽ : 15 ലക്ഷം രൂപ
ഡി.പി.സി. ഫയൽ നം. : 700/08-09/ഡി.പി.ഒ/കോട്ടയം/ തീയതി: 28.11.08
നിർവഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

കോട്ടയം ജില്ലയിലെ 75 ഗ്രാമപഞ്ചായത്തുകൾക്ക് 20000 രൂപ വീതം സമ്പൂർണ്ണ ശുചിത്വ പദ്ധതിയുടെ ജില്ലാ പഞ്ചായത്ത് വിഹിതമായി വിതരണം നടത്തുന്നതിനായാണ് പ്രസ്തുത പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. എന്നാൽ ഗ്രാമപഞ്ചായത്തുകളുടെ നിർദ്ദേശങ്ങൾ സ്വീകരിച്ച് പൂരകമായ രീതിയിലല്ല ടി പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. തൻവർഷം ജില്ലാ പഞ്ചായത്ത് വിഹിതം ഉൾപ്പെടുത്താതെ ടി പ്രോജക്ട് ആവിഷ്കരിച്ചിരിക്കുന്ന പഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തിന്റെ വിഹിതം അനുവദിച്ച് നല്കിയതായി കാണുന്നു. കൂടാതെ ഗ്രാമപഞ്ചായത്തിന്റെ അംഗീകരിക്കപ്പെട്ട പ്രോജക്ടിൽ ജില്ലാ പഞ്ചായത്ത് വിഹിതമായി ഉൾപ്പെടുത്തിയിരിക്കുന്ന തുകയെക്കാളും അധികരിച്ച് തുക നല്കിയതായും കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | ഗ്രാമപഞ്ചായത്തിന്റെ പേര് | അംഗീകാരം ലഭിച്ച പ്രോജക്ട് നം. | അംഗീകരിക്കപ്പെട്ട പ്രോജക്ട് പ്രകാരം ജില്ലാ പഞ്ചായത്ത് വിഹിതം | ജില്ലാ പഞ്ചായത്തിൽ നിന്നും അനുവദിച്ച തുക | അധികം നല്കിയത് |
|---|---|---|---|---|---|
| 1 | കടനാട് ഗ്രാമപഞ്ചായത്ത് | 21/08-09 | ഇല്ല | 20000 | 20000 |
| 2 | മാടപ്പള്ളി ഗ്രാമപഞ്ചായത്ത് | 30/08-09 | ഇല്ല | 20000 | 20000 |
| 3 | വിജയപുരം ഗ്രാമപഞ്ചാ | 005/08-09 | ഇല്ല | 20000 | 20000 |

| | | | | | |
|---|---|---|---|---|---|
| | യത്ത് | | | | |
| 4 | മൂന്നിലവ് ഗ്രാമപഞ്ചായത്ത് | 11/08-09 | ഇല്ല | 20000 | 20000 |
| 5 | വെളിയന്നൂർ ഗ്രാമപഞ്ചായത്ത് | 67/08-09 | 16000 | 20000 | 4000 |
| 6 | പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്ത് | 58/08-09 | 19500 | 20000 | 500 |
| 7 | തീക്കോയി ഗ്രാമപഞ്ചായത്ത് | 007/08-09 | 19500 | 20000 | 500 |
| 8 | തലപ്പലം ഗ്രാമപഞ്ചായത്ത് | 26/08-09 | 19825 | 20000 | 175 |
| | ആകെ | | | | 85175 |

ഗ്രാമപഞ്ചായത്തിൽ നിന്നുള്ള നിർദ്ദേശങ്ങൾ സ്വീകരിച്ച് പൂരകമായ രീതിയിൽ പ്രോജക്ട് തയ്യാറാക്കാത്തതു മൂലമാണ് ഇത്തരത്തിൽ 85175 അധികമായി നല്കാനിടയായത്. ടി തുക ഗ്രാമപഞ്ചായത്തുകളിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

**3.10) ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി-തുക വകമാറ്റി**

**എ)** ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി (ജനറൽ)

പ്രോജക്ട് നം. 263/08-09

അടങ്കൽ : 50 ലക്ഷം രൂപ

തൻവർഷം പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയ 50 ലക്ഷം രൂപയിൽ 4633875 രൂപ ഐ.എ.വൈ. പദ്ധതിയുടെ അധിക ധനസഹായം നല്കുന്നതിനായാണ് ചെലവിട്ടിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | ബ്ലോക്ക് പഞ്ചായത്തിന്റെ പേര് | നല്കിയ തുക |
|---|---|---|
| 1 | ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് | 246600 |
| 2 | ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് | 467850 |
| 3 | കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് | 363600 |
| 4 | കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 1107450 |
| 5 | ളാലം ബ്ലോക്ക് പഞ്ചായത്ത് | 272850 |
| 6 | മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 966375 |
| 7 | പള്ളം ബ്ലോക്ക് പഞ്ചായത്ത് | 345000 |
| 8 | പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് | 301200 |
| 9 | വാഴൂർ ബ്ലോക്ക് പഞ്ചായത്ത് | 199350 |
| 10 | വൈക്കം ബ്ലോക്ക് പഞ്ചായത്ത് | 178050 |
| 11 | ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് | 185550 |
| | ആകെ | 4633875 |

**ബി)** 1) ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതി (വനിത) എസ്.സി.പി.)

പ്രോജക്ട് നം. 300/08-09

അടങ്കൽ : 3150000 രൂപ

2) ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതി (ജനറൽ) എസ്.സി.പി.

പ്രോജക്ട് നം. 301/08-09

അടങ്കൽ : 3500000 രൂപ

മേൽ രണ്ട് പദ്ധതികൾക്കുമായി വകയിരുത്തിയ 6650000 രൂപയിൽ 6559200 രൂപ ഐ.എ.വൈ. പദ്ധതി (പട്ടികജാതി വിഭാഗം) യുടെ അധിക ധനസഹായം അനുവദിക്കുന്നതിനായാണ് ചെലവഴിച്ചിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | ബ്ലോക്ക് പഞ്ചായത്തിന്റെ പേര് | അനുവദിച്ച തുക | ഡി.ഡി.നം./തീയതി |
|---|---|---|---|
| 1 | ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് | 397250 | 348861/13.3.09 |
| 2 | കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് | 796450 | 348862/13.3.09 |
| 3 | കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 1693200 | 348863/13.3.09 |
| 4 | ളാലം ബ്ലോക്ക് പഞ്ചായത്ത് | 547500 | 348867/13.3.09 |
| 5 | പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് | 477600 | 348864/13.3.09 |
| 6 | വാഴൂർ ബ്ലോക്ക് പഞ്ചായത്ത് | 733650 | 348865/13.3.09 |
| 7 | ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് | 750550 | 348866/13.3.09 |
| 8 | പള്ളം ബ്ലോക്ക് പഞ്ചായത്ത് | 1125000 | 349505/31.3.09 |
| 9 | ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് | 38000 | 350065/9.4.09 |
| | ആകെ | 6559200 | |

ഇ.എം.എസ്. ഭവന പരിപാടിയുടെ നടത്തിപ്പിനായി വകയിരുത്തിയിരുന്ന തുക കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.എ.വൈ യുടെ അധിക ധനസഹായം നല്കുന്നതിന് വിനിയോഗിച്ചത് ഇ.എം.എസ്. ഭവന പരിപാടിയുടെ മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമാണ്.

### 3.11) മഴവെള്ള സംഭരണി നിർമ്മാണ പ്രോജക്ടുകൾ-നിയമവിരുദ്ധമായി പദ്ധതി പണം ചെലവഴിച്ചു

1) പ്രോജക്ട് നം. :- 27/09

സാങ്കേതികാനുമതി :- KWA/01/07-08/24.1.08

2008-09 ലെ വാർഷിക പദ്ധതിയിൽപ്പെടുത്തി ഉഴവൂർ ഡിവിഷനിലെ വിവിധ സ്കൂളുകളിൽ മഴവെള്ള സംഭരണികൾ നിർമ്മിക്കുന്നതിനു വേണ്ടി പ്രോജക്ട് നമ്പർ 27/09 പ്രകാരം പത്ത് ലക്ഷം രൂപ പദ്ധതി വിഹിതം വകയിരുത്തിയിരുന്നു. സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായിരുന്ന പ്രസ്തുത പ്രോജക്ടിന്റെ നിർവഹണ ചുമതല കോട്ടയം സോഷ്യോ ഇക്കണോമിക് യൂണിറ്റിനെ ഏൽപ്പിക്കുകയും ഉഴവൂർ ഡിവിഷനിൽപ്പെട്ട 8 വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മഴവെള്ള സംഭരണി നിർമ്മിച്ചു നൽകുന്നതിന് തൻവർഷം 684666 രൂപ ചെലവഴിക്കുകയും ചെയ്തു. പദ്ധതി നിർവഹണത്തിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

**എ) അൺ എയ്ഡഡ് സ്കൂളിന് മഴവെള്ള സംഭരണി നിർമ്മിച്ചത്**

കേരള പഞ്ചായത്ത് രാജ് ആക്ട് 173-ാം വകുപ്പ് (1) ഉപവകുപ്പനുസരിച്ച് സർക്കാർ മേഖലയിലുള്ള ഹൈസ്കൂളുകളുടെ നടത്തിപ്പു മാത്രമേ ജില്ലാ പഞ്ചായത്തിന്റെ ചുമതലയിൽപ്പെടുന്നുള്ളൂ. എന്നാൽ അൺ എയ്ഡഡ് സ്കൂളായ ഡി. പോൾ ഹൈസ്കൂൾ, തോട്ടുവ എന്ന സ്ഥാപനത്തിന് മഴവെള്ള സംഭരണി നിർമ്മിക്കുന്നതിന് 130817.53 രൂപ ചെലവഴിച്ചിട്ടുണ്ട്. അൺഎയ്ഡഡ് മേഖലയിലുള്ളതും, ജില്ലാ പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്തതുമായ ഡി. പോൾ ഹൈസ്കൂളിന്റെ അടിസ്ഥാന സൗകര്യത്തിനു

വേണ്ടി നിയമവിരുദ്ധമായി ചെലവഴിച്ച 130817.53 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. യുക്തമായ സാധൂകരണം തേടേണ്ടതാണ്.

**ബി) സ്വകാര്യ എയ്ഡഡ് കോളേജിന് മഴവെള്ള സംഭരണി അനുവദിച്ചത്**

സ്വകാര്യ മേഖലയിലുള്ള എയ്ഡഡ് കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനം ജില്ലാ പഞ്ചായത്തിന്റെ ചുമതലയിൽപ്പെടുന്നതല്ല. എന്നാൽ കുറവിലങ്ങാട് ദേവമാതാ കോളേജിന് മഴവെള്ള സംഭരണി നിർമ്മിക്കുന്നതിന് 125487.75 രൂപ ചെലവഴിച്ചിട്ടുണ്ട്. സർക്കാർ മേഖലയിലും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റേ ചുമതലയിലുംപെടാത്ത സ്വകാര്യ കോളേജിന്റെ അടിസ്ഥാന സൗകര്യത്തിനുവേണ്ടി പദ്ധതി വിഹിതം ചെലവഴിച്ചത് നിയമവിരുദ്ധമായതിനാൽ പ്രസ്തുത ചെലവിന് സർക്കാരിൽ നിന്നും സാധൂകരണം തേടേണ്ടതാണ്. സർക്കാർ സാധൂകരണം ലഭ്യമാകുന്നതു വരെ ഇതിനായി ചെലവഴിച്ച 125487.75 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

**സി) സ്വകാര്യ എയ്ഡഡ് സ്കൂളുകൾക്ക് മഴവെള്ളസംഭരണി നൽകിയതിന്റെ ചെലവ്**

24.7.07 ലെ ഗവൺമെന്റ് ഉത്തരവ് നമ്പർ 183/07/ത.സ്വ.ഭ.വ അനുസരിച്ച് കുടിവെള്ള നിർമ്മാണ പദ്ധതികൾ എല്ലാ സർക്കാർ സ്കൂളുകളിലും നടപ്പിലാക്കിയശേഷം സ്വകാര്യമേഖലയിലുള്ള എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ മാത്രം നിർമ്മിക്കാൻ അനുവദിച്ചിട്ടുണ്ട്. ഇതിനു വിരുദ്ധമായി സ്വകാര്യ മേഖലയിലുള്ള അംഗീകൃത ഹൈസ്കൂളുകൾ, ഹയർ സെക്കന്ററി സ്കൂളുകൾക്ക് മഴവെള്ള സംഭരണി നിർമ്മിച്ചു നൽകുന്നതിനായി ടി പ്രോജക്ട് പ്രകാരം 445917 രൂപ ചെലവഴിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | നൽകിയ തുക |
|---|---|---|
| 1 | ഒ.എൽ.എൽ. ഹയർ സെക്കന്ററി സ്കൂൾ, ഉഴവൂർ | 120508 |
| 2 | ഒ.എൽ.എൽ.ഹൈസ്കൂൾ, ഉഴവൂർ | 130170 |
| 3 | എസ്.എൻ.യു.പി. സ്കൂൾ, അരീക്കര | 75994 |
| 4 | ഹോളിക്രോസ് ഹൈസ്കൂൾ, മോനിപ്പള്ളി | 119245 |
| | ആകെ | 445917 |

ക്രമപ്രകാരമല്ലാതെ ചെലവഴിച്ച 702223 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**3.12) പ്രോജക്ട് നം. 253/09- ജില്ലയിലെ വിവിധ ഡിവിഷനുകളിൽ മഴവെള്ള സംഭരണി നിർമ്മാണം**

220000 രൂപ അടങ്കൽ വകയിരുത്തിയിരുന്നതും 20.9.08 ലെ 700/08-09/ഡി.പി.ഒ./കെ.റ്റി.എം. നമ്പർ പ്രകാരം ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചതുമായ പ്രസ്തുത പ്രോജക്ട് കോട്ടയം സോഷ്യോ എക്കണോമിക് യൂണിറ്റാണ് നിർവഹിച്ചത്. വിവിധ ഡിവിഷനുകളിലായി നിർമ്മാണത്തിലേർപ്പെട്ട 20 മഴവെള്ള സംഭരണികളിൽ 13 എണ്ണവും സ്വകാര്യ എയ്ഡഡ് സ്കൂളുകളാണ്. സ്വകാര്യ എയ്ഡഡ് സ്കൂളു

കൾക്കുവേണ്ടി ചെലവഴിച്ച തുകയുടെ (നികുതി ഉൾപ്പെടെ) വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | സ്കൂളിന്റെ പേര് | ചെലവു തുക |
|---|---|---|
| 1 | മാർസെലിനാസ് എച്ച്.എസ്, കുമാരനല്ലൂർ | 87927 |
| 2 | സെന്റ് സാന്താൾസ് എച്ച്.എസ്. മാമൂട് | 82146 |
| 3 | സെന്റ് ജോസഫ് ഗേൾസ് എച്ച്.എസ്. നാലുകോടി | 82146 |
| 4 | എസ്.ആർ.വി.എസ്.എസ്. ഹൈസ്കൂൾ, ചിറക്കടവ് | 86514 |
| 5 | സെന്റ് ആന്റണീസ്.എച്ച്.എസ്. തലക്കളം | 96138 |
| 6 | സെന്റ് സെബാസ്റ്റ്യൻ എച്ച്.എസ്. കടനാട് | 96138 |
| 7 | വി.എച്ച്.എസ്.എസ്. ബ്രഹ്മമംഗലം | 82247 |
| 8 | അസംപ്ഷൻ എച്ച്.എസ്. പാലമ്പ്ര | 86514 |
| 9 | ക്രിസ്തുരാജ് സ്കൂൾ, മണിപ്പുഴ | 86514 |
| 10 | ദേവസ്വം ബോർഡ് ഹൈസ്കൂൾ, കങ്ങഴ | 82146 |
| 11 | ബുക്കാനാ ഗേൾസ് ഹൈസ്കൂൾ, പള്ളം | 87927 |
| 12 | സെന്റ് ആന്റണീസ് എച്ച്.എസ്, പൂഞ്ഞാർ തെക്കേക്കര | 86514 |
| | | 1042871 |

പ്രോജക്ടിനായി ആകെ ചെലവഴിച്ച 1665298 രൂപയിൽ 1042871 രൂപയും സ്വകാര്യ എയ്ഡഡ് സ്കൂളുകളുടെ അടിസ്ഥാന സൗകര്യത്തിനു വേണ്ടിയായിരുന്നു. സ്വകാര്യ മേഖലയിലുള്ളതും ജില്ലാ പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്തതുമായ സ്കൂളുകൾക്ക് മഴവെള്ള സംഭരണി നിർമ്മിച്ചു നൽകുന്നതിനായി ചെലവഴിച്ച തുകയ്ക്ക് ഗവൺമെന്റിൽ നിന്നും സാധൂകരണം വാങ്ങേണ്ടതാണ്. ആകെ ചെലവഴിച്ച 1042871 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

**3.13) പത്താം തരം തുല്യത എ ലെവൽ കോഴ്സ്-മിഷൻ 2020- അപാകതകൾ**

നിർവഹണോദ്യോഗസ്ഥൻ : വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം

പ്രോജക്ട് നം. : 259/08-09

ബിൽ നം. : 4/08-09 തീയതി: 13.3.09 തുക - 1500000

2020 വർഷത്തോടു കൂടി കോട്ടയം ജില്ലയിൽ മുഴുവൻ ആളുകളേയും പത്താം തരം പാസാക്കുക എന്നതാണ് പദ്ധതി. പദ്ധതി നിർവഹണത്തിനായി തൻവർഷം 1500000 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. ടി പദ്ധതി നടത്തിപ്പിനായി ബി.പി.എൽ വിഭാഗത്തിൽ നിന്നും 588 ഗുണഭോക്താക്കളേയും എസ്.സി. വിഭാഗത്തിൽ നിന്നും 275 ഗുണഭോക്താക്കളെയും തെരഞ്ഞെടുത്തിട്ടുണ്ടെങ്കിലും ടി ഗുണഭോക്താക്കൾ ബി.പി.എൽ/എസ്.സി. വിഭാഗത്തിൽപ്പെട്ടവരാണെന്നു തെളിയിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.
2. ബി.പി.എൽ./എസ്.സി. ഗുണഭോക്താക്കളിൽ നിന്നും അപേക്ഷാ ഫോമിന്റെ വിലയായി 88200 രൂപ ഈടാക്കി തുക സംസ്ഥാന സാക്ഷരതാ മിഷനിൽ അടച്ചിട്ടുള്ളതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

3. ഓരോ ബാച്ചിലും ഉള്ള പഠിതാക്കളുടെ കൃത്യമായ എണ്ണം, അവരുടെ ഹാജർ, പരീക്ഷ എഴുതിയവരുടെ എണ്ണം, പരീക്ഷാഫലം, സർട്ടിഫിക്കറ്റ് വിതരണം ചെയ്തതു സംബന്ധിച്ച വിവരങ്ങൾ തുടങ്ങിയവ ലഭ്യമാക്കിയിട്ടില്ല.
4. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്കായി രജിസ്റ്റർ നോട്ട് ബുക്ക് തുക 400 എസ്. സി. വിഭാഗത്തിൽ ക്ലസ്റ്റ്യൻ ബാങ്ക് തുക 27500 കൂടാതെ രജിസ്റ്റർ നോട്ട് ബുക്ക് തുക 3000 നോട്ടീസ് & ബ്രോഷർ തുക 2000 ഇപ്രകാരം ആകെ ചെലവഴിച്ച 32900 രൂപയുടെ വൗച്ചറുകൾ ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ടി പദ്ധതിയ്ക്കായി ചെലവഴിച്ച 1500000 രൂപയിൽ 32900 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

### 3.14) ജില്ലാ ആയുർവേദ ആശുപത്രിയ്ക്ക് മരുന്നു വാങ്ങൽ–അപാകതകൾ

പ്രോജക്ട് നം. : 396/08–09
അടങ്കൽ : 250000

ജില്ലാ ആയുർവേദ ആശുപത്രിയ്ക്ക് മരുന്നു വാങ്ങൽ എന്ന പദ്ധതി നിർവഹണത്തിനായി കോട്ടയം ജില്ലാ മെഡിക്കൽ ഓഫീസറെ (ഭാരതീയ ചികിത്സാ വിഭാഗം) ചുമതലപ്പെടുത്തിയതനുസരിച്ച് ഔഷധിയിൽ നിന്നും ലഭിച്ച 250000 രൂപയുടെ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ 13.3.09 ലെ 348927–ാം നം. ഡി.ഡി. പ്രകാരം ടി തുക ഔഷധിയ്ക്ക് നൽകുകയുണ്ടായി. 28.5.09 ലെ പെർഫോമ നം. 1112 പ്രകാരം 196072 രൂപയുടെ മരുന്നുകൾ മാത്രമേ ഓഡിറ്റ് തീയതി വരെ ജില്ലാ ആയുർവേദ ആശുപത്രിയ്ക്ക് ലഭിച്ചിട്ടുള്ളൂ. 27.2.06 ലെ 5398 /ഡി.പി.1/2006 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ ഔഷധിയിൽ നിന്ന് മരുന്നു വാങ്ങുമ്പോൾ ഒരു മാസത്തിനുള്ളിൽ മരുന്ന് വിതരണം ചെയ്യണം എന്ന വ്യവസ്ഥയിൽ മുൻകൂർ നൽകാവുന്നതാണ്. ഇത് സംബന്ധിച്ച് കരാർ വയ്ക്കുകയും വേണം. എന്നാൽ ഇപ്രകാരം കരാർ ഒന്നും തന്നെ ചമച്ചിട്ടില്ല. തന്നെയുമല്ല ഒരു മാസത്തിനുള്ളിൽ മരുന്ന് നൽകുന്നില്ലെങ്കിൽ ഔഷധി നഷ്ട പരിഹാരവും നൽകണമെന്നിരിക്കെ ആയത് പാലിച്ചതായും കാണുന്നില്ല.

മുൻകൂറായി നൽകിയ തുകയ്ക്ക് പൂർണ്ണമായും മരുന്ന് ഇതിനോടകം ലഭിച്ചിട്ടുണ്ടെങ്കിൽ ടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം അധികമായി നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

### 3.15) എസ്.ജി.ആർ.വൈ പദ്ധതിയിൽ അനുവദിക്കപ്പെട്ട സബ്സിഡി നിരക്കിലുള്ള ഭക്ഷ്യധാന്യം അവശേഷിക്കുന്നത് സംബന്ധിച്ച്

ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയ രേഖകൾ പ്രകാരം കോട്ടയം ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സബ്സിഡി നിരക്കിൽ അനുവദിച്ച ഭക്ഷ്യധാന്യത്തിൽ 318.77 മെട്രിക് ടൺ അരിയും 72.62 മെട്രിക് ടൺ ഗോതമ്പും വിവിധ റേഷൻ മൊത്ത വിതരണക്കാരുടെ പക്കലും പൊൻകുന്നം വെയർ ഹൗസിലുമായി അവശേഷിക്കുന്നതായി കാണുന്നു. (വിശദാംശങ്ങൾ അനുബന്ധം 3 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്) അരിക്ക് 16 രൂപ നിരക്കിലും ഗോതമ്പിന് 13 രൂപ നിരക്കിലും കമ്പോള വില കണക്കാക്കിയാൽ 6044380 രൂപ മൂല്യമുള്ള ഭക്ഷ്യധാന്യമാണ് വിവിധ സ്ഥലങ്ങളിലായി സംഭരിക്കപ്പെട്ടിരിക്കുന്നത്. എസ്.ജി.ആർ.വൈ പദ്ധതി അവസാനിച്ച

തിനാൽ ടി ഭക്ഷ്യധാന്യം എപ്രകാരം വിനിയോഗിക്കുമെന്നതിൽ അവ്യക്തതയുള്ളതിനാൽ ഭക്ഷ്യധാന്യം നശിച്ച് കൊണ്ടിരിക്കുന്ന സ്ഥിതിയാണുള്ളത്. കാലിക സ്ഥിതി സംസ്ഥാന സർക്കാർ മുഖാന്തിരം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ഗണ്യമായ അളവിലുള്ള ഭക്ഷ്യധാന്യം വിനിയോഗിക്കുന്നത് സംബന്ധിച്ച് നിർദ്ദേശം തേടേണ്ടതാണ്. ഭക്ഷ്യധാന്യം നശിച്ച് പോകുന്നവസ്ഥ ഏത് വിധേനയും ഒഴിവാക്കേണ്ടതാണ്.

**3.16) ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിലേയ്ക്ക് തിരികെ ഒടുക്കിയ ത്രിതല പഞ്ചായത്തുകളുടെ എസ്.ജി.ആർ.വൈ ബാലൻസ് തുകയുടെ വിനിയോഗ വിവരം**

ദാരിദ്ര്യ ലഘൂകരണം വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയ കണക്കുകൾ പ്രകാരം താഴെപറയുന്ന പ്രകാരം കോട്ടയം ജില്ലയിലെ ത്രിതല പഞ്ചായത്തുകളിൽ നിന്ന് എസ്.ജി.ആർ.വൈ അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് സറണ്ടർ ചെയ്ത ഇനത്തിൽ ആകെ 53014333 രൂപ തിരികെ ലഭിച്ചിട്ടുണ്ട്.

| | | |
|---|---|---|
| ജില്ലാ പഞ്ചായത്ത് | : | 12881105 |
| ബ്ലോക്ക് പഞ്ചായത്തുകൾ | : | 5285163 |
| ഗ്രാമപഞ്ചായത്തുകൾ | : | 20825671 |
| ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിൽ നീക്കിയിരിപ്പ് ഉണ്ടായിരുന്ന തുക | : | 14022394 |
| ആകെ | : | 53014333 |

ദാരിദ്ര്യലഘൂകരണ വിഭാഗത്തിന്റെ ഇ.ജി.എസ്. അക്കൗണ്ടിലേയ്ക്ക് മാറ്റിയ ടി തുക ദേശീയ തൊഴിലുറപ്പ് പദ്ധതിക്ക് വേണ്ടി വിനിയോഗിക്കുന്നതിന് നിർദ്ദേശം ലഭച്ചിട്ടുണ്ട്. ടി തുക പൂർണ്ണമായി ദേശീയ തൊഴിലുറപ്പ് പദ്ധതിക്ക് വേണ്ടി വിനിയോഗിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. ചില ഗ്രാമപഞ്ചായത്തുകളിൽ നടത്തിയ പരിശോധനയിൽ എസ്.ജി.ആർ.വൈ അക്കൗണ്ടിൽ ഇതിനോടകം സറണ്ടർ ചെയ്ത തുകയ്ക്ക് പുറമെ നിലവിൽ നീക്കിയിരിപ്പ് ഉള്ളതായി വ്യക്തമായിട്ടുണ്ട്. അവശേഷിക്കുന്ന തുക സംബന്ധിച്ച് വ്യക്തമായ വിവരം ശേഖരിച്ച് ഇനിയും സറണ്ടർ ചെയ്യാനുള്ള തുക തിരികെ ഈടാക്കേണ്ടതാണ്.

**3.17) എസ്.ജി.ആർ.വൈ-ഭക്ഷ്യധാന്യ വിതരണത്തിലെ അപാകതകൾ സംബന്ധിച്ച്**

എസ്.ജി.ആർ.വൈ 31.3.2008 ൽ നിർത്തലാക്കപ്പെട്ടപ്പോൾ ജില്ലാ പഞ്ചായത്ത് നേരിട്ടു നടപ്പിലാക്കുന്ന പദ്ധതികൾക്കായി അനുവദിച്ചിരുന്ന ഭക്ഷ്യധാന്യത്തിൽ 153301 കി.ഗ്രാം ഭക്ഷ്യധാന്യം വിവിധ എ.ഡബ്ല്യുഡി ഗോഡൗണുകളിലായി അവശേഷിച്ചിരുന്നു. കർമ്മ പദ്ധതി ശരിയായ ദിശയിൽ തയ്യാറാക്കാതിരുന്നതിനാലും പദ്ധതി യഥാസമയം പൂർത്തിയാക്കാതിരുന്നതിനാലുമാണ് ഇപ്രകാരം ഭക്ഷ്യധാന്യം മിച്ചമുണ്ടാകാൻ ഇടയായത്. മിച്ചമുണ്ടായിരുന്ന ഭക്ഷ്യധാന്യം കേടായി പോകുന്നത് ഒഴിവാക്കുന്നതിലേയ്ക്ക് വിവിധ വേലകൾക്കുള്ള വേതന ഘടകത്തെ അധികരിച്ച് ഭക്ഷ്യധാന്യം നൽകുന്നതിന് 10.12.08 ലെ 3(3)-ാം നമ്പരായി ജില്ലാ പഞ്ചായത്ത് കമ്മറ്റി തീരുമാനം കൈക്കൊണ്ടു. കേന്ദ്ര സർക്കാർ ഉയർന്ന സബ്സിഡിയോടുകൂടി അനുവദിച്ചിരുന്ന ഭക്ഷ്യധാന്യം മേൽ പ്രകാരം വേതന ഘടകത്തെ അധീകരിച്ച് നൽകിയ സാഹചര്യത്തിൽ ടി ഭക്ഷ്യധാന്യത്തിന്റെ കമ്പോള വില അതതു പ്രവൃത്തികളുടെ ബില്ലിൽ നിന്നു കുറവു ചെയ്യേണ്ടിയിരുന്നു. എന്നാൽ അപ്രകാരം ചെയ്യാതെ സബ്സിഡി നിരക്കിൽ തന്നെയാണ് അനുവ

ദിച്ചത് (യഥാർത്ഥ മനുഷ്യദിനത്തിനുള്ള ഭക്ഷ്യധാന്യത്തിന് മാത്രമേ സബ്സിഡി അനുവദിയ്ക്കാവൂ). ഇപ്രകാരം ഭക്ഷ്യധാന്യം അധീകരിച്ചു നൽകിയ വേലകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വേലയുടെ പേര് | പ്രവൃത്തി മൂല്യം | അനുവദിച്ച ഭക്ഷ്യ ധാന്യം | ഇനം | വേതന ഘടകത്തെ അധീകരിച്ച് നൽകിയത് (വേലമൂല്യത്തിന്റെ 60% നു മുകളിൽ)ഭക്ഷ്യ ധാന്യത്തിന്റെ അളവ് |
|---|---|---|---|---|---|
| 1 | കൂട്ടിക്കൽ പഞ്ചായത്ത് ബി.ഐ.സി. ലൈബ്രറി സൈഡു കെട്ടി സംരക്ഷിയ്ക്കൽ | 40186 | 7214 കി.ഗ്രാം | ഗോതമ്പ് | 5491 കി.ഗ്രാം |
| 2 | കല്ലറ പഞ്ചായത്തിലെ മുണ്ടാർ പ്രദേശത്ത് പട്ടികജാതി കോളനിയിൽ മുറ്റം കെട്ട് | 167625 | 11470 കി.ഗ്രാം | അരി | 4286 കി.ഗ്രാം |
| 3 | കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് മുക്കം കോളനിയിൽ വെള്ളിച്ചേരിപുത്തുരുത്തിൽ താമസിക്കുന്ന മൈനോരിറ്റി വിഭാഗത്തിന്റെ വീടിനു ചുറ്റും മണ്ണിട്ടുയർത്തൽ | 112876 | 8371 കി.ഗ്രാം | അരി | 3533 കി.ഗ്രാം |
| 4 | കോലത്തിരി വലിയ കരിപാടശേഖരം (തലയാഴം) പുറം ബണ്ട് ബലപ്പെടുത്തൽ | 187435 | 10195 കി.ഗ്രാം | അരി | 2162 കി.ഗ്രാം |
| 5 | ഉഴവൂർ ഡിവിഷനിലെ എസ്.സി. കുടുംബങ്ങൾക്ക് മുറ്റം കെട്ടൽ കിണർ നിർമ്മാണം | 128520 | 23073 കി.ഗ്രാം | ഗോതമ്പ് | 17565 കി.ഗ്രാം |
| 6 | തുപ്രാംപാടശേഖരം പാറക്കുഴി വാച്ചാൽ നിർമ്മാണം | 100650 | 7632 കി. ഗ്രാം | അരി | 3318 കി.ഗ്രാം |
| 7 | നീലിമംഗലം ചെറുപൈങ്കുളം സ്പിൽ വേ സൈഡ് കെട്ട് | 426771 | 21139 കി.ഗ്രാം | അരി | 2849 കി.ഗ്രാം |
| 8 | മറവൻതുരുത്ത് പഞ്ചായത്ത് 5,7 വാർഡുകൾ പൈപ്പുനീട്ടൽ | 104815 | 7472 കി.ഗ്രാം | അരി | 2980 കി.ഗ്രാം |

എസ്.ജി.ആർ.വൈ പദ്ധതി നിർവഹണമാർഗ്ഗനിർദ്ദേശത്തെ മറികടന്ന് ഭക്ഷ്യധാന്യം വിതരണം ചെയ്ത സാഹചര്യത്തിൽ ആവശ്യമായ സാധൂകരണം തേടുകയോ അഥവാ കമ്പോള വിലയും സബ്സിഡി നിരക്കും തമ്മിലുള്ള വ്യത്യാസം കണക്കാക്കി അധീകരിച്ചു നൽകിയ തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്.

**3.18) ഐ.റ്റി.ഡി.പി. പ്രോജക്ട് ഓഫീസർ നടപ്പിലാക്കിയ പദ്ധതികളുടെ അപാകത കൾ സംബന്ധിച്ച്**

പ്രോജക്ട് : ഭൂരഹിത ഭവനരഹിത പട്ടികവർഗ്ഗക്കാർക്ക് സ്ഥലം വാങ്ങൽ

പ്രോജക്ട് നം. : 30/08-09

പദ്ധതി അടങ്കൽ : 1125000, ചെലവ് : 675000 രൂപ

കാഞ്ഞിരപ്പള്ളി ഐ.റ്റി.ഡി.പി. പ്രോജക്ട് ഓഫീസർ നടപ്പിലാക്കിയ ഭൂരഹിത ഭവനരഹിത പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങൽ എന്ന പ്രോജക്ട് നടപ്പിലാക്കിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ടി പ്രോജക്ടിലെ ഗുണഭോക്താവായ ശ്രീമതി. ഇന്ദുലേഖ.കെ.എൻ, നെടുമന യിൽ വീട് എന്ന ഗുണഭോക്താവ് ടി പദ്ധതിയുടെ ആനുകൂല്യം ലഭിച്ചു. ആനന്ദവല്ലിയുടെ മകളാണ്. ഇപ്രകാരം ഒരേ വീട്ടിലെ തന്നെ രണ്ടു പേർക്ക് ധന സഹായം നൽകിയതായി കാണുന്നു. ശ്രീമതി. ഇന്ദുലേഖയ്ക്കോ ടിയാരിയുടെ ഭർത്താവിന്റെ പേരിലോ സ്ഥലം ഇല്ല എന്നു തെളിയിക്കുന്നതിനുള്ള രേഖകളും ഹാജരാക്കിയിട്ടില്ല.
2. ശ്രീമതി. ട്രീസാ വിൽസൺ, പുളിക്കൽ എന്ന ഗുണഭോക്താവിന്റെ പേരിൽ സ്വന്ത മായി സ്ഥലം ഇല്ല എന്നുള്ളതിന് വില്ലേജാഫീസിൽ നിന്നുമുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.
3. ശ്രീ. ഫിലിപ്പ്. കെ.ജെ, കാരമുള്ളിങ്കൽ, ഇടക്കുന്നം എന്ന ഗുണഭോക്താവ് പാറ ത്തോട് പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗുണഭോക്താക്കളുടെ ലിസ്റ്റിലെ 5-ാ മത്തെ പേരുകാരാനാണ്. ലിസ്റ്റിലെ ആദ്യത്തെ നാല് ഗുണഭോക്താക്കളെ ഒഴി വാക്കി 5-ാമത്തെ ഗുണഭോക്താവിന് ധനസഹായം നൽകുവാനുള്ള കാരണം വ്യ ക്തമാക്കിയിട്ടില്ല. ശ്രീ. ഫിലിപ്പ് .കെ.ജെ. യുടെ അപേക്ഷയും ഓഡിറ്റിൽ പരി ശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

**3.19) പട്ടികവർഗ്ഗ വനിതാ ഭവന നിർമ്മാണം അപാകതകൾ**

പ്രോജക്ട് നമ്പർ : 29/08-09

അടങ്കൽ : 20 ലക്ഷം

പ്രസ്തുത പ്രോജക്ട് പ്രകാരം 15 ഗുണഭോക്താക്കൾക്ക് 2008-09 വർഷം ഭവന നിർമ്മാണത്തിന് ധനസഹായം നൽകിയിട്ടുള്ളതിൽ ശ്രീമതി. രമണി. ടി.കെ., സന്ധ്യാ. കെ.ആർ, ചിന്നരാമൻ എന്നീ ഗുണഭോക്താക്കളുടെ പേരിൽ സ്ഥലം ഉണ്ട് എന്ന് തെളി യിക്കുന്നതിനുള്ള കരം അടച്ച രസീത്/ആധാരത്തിന്റെ പകർപ്പ് ഹാജരാക്കിയിട്ടില്ല. ആവശ്യമായ രേഖകൾ വാങ്ങി സൂക്ഷിക്കാതെ ഭവന നിർമ്മാണത്തിന് ധനസഹായം നൽകിയത് ശരിയായ നടപടിയല്ല.

(മേൽ ഓഡിറ്റ് പരാമർശങ്ങൾ സംബന്ധിച്ച് 27.6.09 ൽ എൻക്വയറി നൽകിയെ ങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

വിശദവിവരം ചുവടെ ചേർക്കുന്നു.

| | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക | | ആകെ |
|---|---|---|---|---|
| | | ഒന്നാം ഗഡു | രണ്ടാം ഗഡു | |
| 1 | രമണി. ടി.കെ. | 15000<br>ഡി.ഡി.നം.348791/<br>തീയതി:12.3.09 | 35000<br>ഡി.ഡി.നം.350583/<br>തീയതി: 2.6.09 | 50000 |

| | | | | |
|---|---|---|---|---|
| 2 | സന്ധ്യ. കെ.ആർ | 15000<br>ഡി.ഡി.നം.349736/<br>തീയതി:3.4.09 | 35000<br>ഡി.ഡി.നം.350589/<br>തീയതി: 2.6.09 | 50000 |
| 3 | ചിന്നരാമൻ | 15000<br>ഡി.ഡി.നം.349733/<br>തീയതി: 3.4.09 | 35000<br>ഡി.ഡി.നം.350590/<br>തീയതി:2.6.09 | 50000 |

ആവശ്യമായ രേഖകളുടെ അഭാവത്തിൽ ടിയിനത്തിൽ ചെലവഴിച്ച 150000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**3.20) ഭവന നിർമ്മാണം-പൂർത്തീകരിക്കാത്തത്**

2008-09 സാമ്പത്തിക വർഷം ഐ.റ്റി.ഡി.പി. പ്രോജക്ട് ഓഫീസർ, കാഞ്ഞിരപ്പള്ളി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ ഭവനനിർമ്മാണ പദ്ധതികൾ തൻവർഷം പൂർത്തികരിച്ചിട്ടില്ല. ആയതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| | പ്രോജക്ട് നമ്പർ | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക | | | ആകെ |
|---|---|---|---|---|---|---|
| | | | 1-ാം ഗഡു | 2-ാം ഗഡു | 3-ാം ഗഡു | |
| 1 | 414/08-09 ഭവന നിർമ്മാണം മുണ്ടക്കയം ഡിവിഷൻ, അടങ്കൽ-1000000 | തങ്കച്ചൻ. ഇ.എൻ., ഈട്ടിക്കൽ, കൊമ്പുകുത്തി, കുപ്പക്കയം | 15000 | - | - | 15000 |
| 2 | ,, | പ്രകാശൻ. കെ.കെ., കോച്ചേരിയിൽ, കൊമ്പുകുത്തി | 15000 | - | - | 15000 |
| 3 | ,, | കൃഷ്ണൻകുട്ടി, പനച്ചിക്കൽ, കൊമ്പുകുത്തി | 15000 | - | - | 15000 |
| 4 | ,, | പ്രഭാകരൻ എ.കെ., കൊമ്പുകുത്തി, കുപ്പക്കയം | 15000 | - | - | 15000 |
| 5 | ,, | സുനി കെ.പി., കൊച്ചുവീട്ടിൽ | 15000 | - | - | 15000 |
| 6 | ,, | ബിനീഷ് , പ്ലാക്കൽ, കുപ്പക്കയം പി.ഒ. | 15000 | - | - | 15000 |
| 7 | ,, | കെ.പി. ഗംഗാധരൻ, കോസടിയിൽ, മടുക്ക പി.ഒ. | 15000 | - | - | 15000 |
| 8 | ,, | സുരേന്ദ്രൻ പി.കെ., പുത്തൻവീട്ടിൽ, കൊമ്പുകുത്തി | 15000 | - | - | 15000 |
| 9 | 29/08-09 പട്ടിക വർഗ്ഗ ഭവന നിർമ്മാണം വനിത (റ്റി.എസ്.പി.) | ബേബി. കെ. നിരപ്പേൽ | 15000 | 35000 | - | 50000 |

| | | | | | | |
|---|---|---|---|---|---|---|
| | അടങ്കൽ-20 ലക്ഷം | | | | | |
| 10 | ,, | ചെല്ല കാർത്ത്യായിനി ലക്ഷം വീട് | 15000 | 35000 | | 50000 |
| 11 | ,, | കല്യാണി കൊച്ചുകുഞ്ഞ് | 15000 | 35000 | 35000 | 85000 |
| 12 | ,, | കുഞ്ഞുമണി | 15000 | 35000 | - | 50000 |
| 13 | 29/08-09 പട്ടിക വർഗ്ഗ ഭവന നിർമ്മാണം വനിത (റ്റി.എസ്.പി.) അടങ്കൽ-20 ലക്ഷം | വത്സല എസ്.എൻ. | 15000 | 35000 | - | 50000 |
| 14 | ,, | ബിനോ ഉണ്ണി | 15000 | 35000 | - | 50000 |
| 15 | ,, | രമണി. ടി.കെ. | 15000 | 35000 | - | 50000 |
| 16 | ,, | ചിന്നമ്മ രാമൻ | 15000 | 35000 | - | 50000 |
| 17 | ,, | ബിന്ദു മഹേഷ് | 15000 | 35000 | - | 50000 |
| 18 | ,, | സന്ധ്യ കെ.ആർ. | 15000 | 35000 | - | 50000 |
| 19 | ,, | മിനി സാബു | 15000 | 35000 | - | 50000 |
| 20 | ,, | സുജാത മനോജ് | 15000 | - | - | 15000 |
| 21 | ,, | സരസ്വതി നാരായണൻ | 15000 | - | - | 15000 |
| 22 | ,, | മീനാക്ഷി ശിവദാസൻ | 15000 | - | - | 15000 |
| 23 | ,, | ലീല എം.കെ. | 15000 | - | - | 15000 |

മേൽ പരാമർശിച്ചിരിക്കുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

**3.21) ഡെപ്പോസിറ്റ് പ്രവൃത്തികൾ**

ജില്ലാ പഞ്ചായത്ത് 2008-09 ൽ വിവിധ പദ്ധതികൾക്കായി താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ഇതുവരെ പ്രസ്തുത പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | പ്രോജക്ടിന്റെ പേര് | പ്രോജക്ട് നം. | ബിൽ നം./തീയതി | തുക | ഡെപ്പോസിറ്റ് ചെയ്ത സ്ഥാപനം |
|---|---|---|---|---|---|
| 1 | തിരുവാർപ്പ് ഗ്രാമപഞ്ചായത്തിലെ കേടായ പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കൽ | 25/08-09 | സി.ബി.25/08-09/4.9.08 | 1000000 | കേരള വാട്ടർ അതോറിറ്റി, കോട്ടയം |
| 2 | കുമാരനല്ലൂർ, അയ്മനം ഗ്രാമപഞ്ചായത്തുകളിലെ പൈപ്പ് ലൈൻ നീട്ടൽ | 23/08-09 | സി.ബി.26/08-09/4.9.08 | 1000000 | ,, |
| 3 | നെടുങ്കുന്നം, കങ്ങഴ, കറുകച്ചാൽ ഗ്രാമപഞ്ചായത്തുകളിലെ | 24/08-09 | സി.ബി.27/08-09/4.9.08 | 1000000 | കേരള വാട്ടർ അതോറിറ്റി, തിരുവല്ല |

| | | | | | |
|---|---|---|---|---|---|
| | പൈപ്പ് ലൈൻ നീട്ടൽ | | | | |
| 4 | എസ്.എസ്.എ | 11/08-09 | | 5000000 | പ്രോജക്ട് ഓഫീസർ, എസ്.എസ്.എ |
| 5 | എസ്.എസ്.എ | 11/08-09 | | 4211007 | ,, |
| 6 | അകത്തംതറ കലുങ്ക് നിർമ്മാണം | 274/08-09 | 80/08-09/21.2.09 | 680739 | PWD റോഡ് ഡിവിഷൻ, കോട്ടയം |
| 7 | പൂഞ്ഞാർ വേങ്ങത്താനം ഒളിക്കണ്ടം പ്രദേശത്ത് വൈദ്യുതീകരണം | 271/08-09 | 144/08-09/ 31.3.09 | 998925 | ഇലക്ട്രിക്കൽ ഡിവിഷൻ പാലാ |
| 8 | പൊൻകുന്നം ഡിവിഷനിലെ വിവിധ പ്രദേശങ്ങളിൽ കുഴൽകിണർ | 26/08-09 | 171/08-09/ 31.3.09 | 1000000 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് |
| 9 | ജില്ലയുടെ വിവിധ ഭാഗങ്ങളിൽ മഴവെള്ള സംഭരണി | 253/08-09 | | 1665298 | സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ, കോട്ടയം |
| 10 | പായിപ്പാട് ഗ്രാമപഞ്ചായത്ത് എസ്.സി. കോളനി കുടിവെള്ള പദ്ധതി | 303/08-09 | 181/08-09/31.3.09 | 865000 | കേരള വാട്ടർ അതോറിറ്റി, തിരുവല്ല |
| 11 | ഈരാറ്റുപേട്ടയിൽ മുതിരപ്പാറ കുളത്തിനാൽ പുരയിടത്തിൽ ചൊവ്വൂർ തോടിന് കുറുകെ നടപ്പാലം നിർമ്മാണം | 340/08-09 | | 410263 | പി.ഡബ്ല്യു.ഡി. റോഡ് ഡിവിഷൻ, കോട്ടയം |
| 12 | കാഞ്ഞിരപ്പള്ളി റീജിയണൽ എ.ഐ. സെന്ററിന്റെ റീ വയറിംഗ് | 183/08-09 | | 40000 | പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ ഡിവിഷൻ, തിരുവനന്തപുരം |
| 13 | പട്ടിമറ്റം കല്ലോലി കുടിവെള്ള പദ്ധതി | | | 100000 | കെ.എ.ഐ. സി.ഒ, വൈക്കം |
| | ആകെ | | | 18971232 | |

**3.22) ഗുണഭോക്തൃ സമിതികൾ വഴി നടപ്പിലാക്കിയ മരാമത്ത് പണികൾ മുൻകൂർ നൽകിയിട്ടു പണികൾ പൂർത്തീകരിക്കാത്തത്-തുക തിരികെ ഈടാക്കിയിട്ടില്ല**

ജില്ലാ പഞ്ചായത്ത് ഗുണഭോക്തൃസമിതികൾ വഴി ഏറ്റെടുത്ത് നടപ്പാക്കാൻ ലക്ഷ്യമിട്ടിരുന്ന ഏതാനും പണികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിരു

ന്നെങ്കിലും നാളിതുവരെ പണികൾ പൂർത്തിയാക്കിയതായി കാണുന്നില്ല. മുൻകൂർ നൽകിയ തുക തിരികെ ഈടാക്കിയിട്ടുമില്ല. തുക ഈടാക്കുന്നതിന് റവന്യു റിക്കവറി നടപടികൾ സ്വീകരിച്ചുവരുന്നതായി പഞ്ചായത്ത് അധികാരികൾ വ്യക്തമാക്കിയിരുന്നു. 5.1.2009 ൽ കൂടിയ ജനറൽ കമ്മറ്റി ഈ വിഷയം ചർച്ച ചെയ്യുകയും മുൻകൂർ വാങ്ങി പണി പൂർത്തിയാക്കാത്ത കൺവീനർമാർക്കെതിരെ നടപടി എടുക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിരുന്നു. ഇത്തരത്തിൽ തുക ഈടാക്കുവാനുള്ള കൺവീനർമാരുടെ വിശദാംശങ്ങൾ ഈ റിപ്പോർട്ട് അനുബന്ധം 4 ആയി ഉൾപ്പെടുത്തുന്നു. ഊർജ്ജിത നടപടികൾ സ്വീകരിച്ച് മുൻകൂർ തുക വസൂലാക്കേണ്ടതാണ്.

**3.23) ഓഡിറ്റിനോടനുബന്ധിച്ച് നടത്തിയ വിവിധ പദ്ധതികളുടെ ഭൗതീക പരിശോധനാ റിപ്പോർട്ടുകൾ**

**1) വിലാസിനികുന്ന് കുടിവെള്ള പദ്ധതി (മണിമല ഗ്രാമപഞ്ചായത്ത്)**

പരിശോധനാ തീയതി: 3.2.2010

കേരളാ വാട്ടർ അതോറിറ്റി മുഖാന്തിരം നിർമ്മാണം ഏറ്റെടുത്ത് വരുന്ന ടി പദ്ധതിയുടെ അടങ്കൽ തുക 1300000 രൂപയാണെന്ന് നിർവഹണ ഏജൻസി ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. അടങ്കൽ തുകയിൽ 8.5 ലക്ഷം രൂപ എം.എൽ.എ ഫണ്ട് ഇനത്തിൽ വകയിരുത്തിയിട്ടുള്ളതായി അറിയുന്നു. ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ സംബന്ധമായി വ്യക്തമായ യാതൊരു വിവരവും വിശദമായ എസ്റ്റിമേറ്റും ഗ്രാമപഞ്ചായത്തിലോ ജില്ലാ പഞ്ചായത്തിലോ നിലവിൽ ലഭ്യമല്ല. ഫണ്ടിന്റെ ആവശ്യകത പരിഗണിക്കാതെ ഗ്രാമപഞ്ചായത്തിലേയ്ക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 400000 രൂപയും ജില്ലാ പഞ്ചായത്ത് വിഹിതമായി 402674 രൂപയും നാളിതുവരെ കൈമാറിയിട്ടുണ്ട്. പ്രോജക്ടിൽ വകയിരുത്തിയിരുന്ന എം.എൽ.എ ഫണ്ട് വിഹിതമായ 850000 രൂപ കിഴിച്ച് 450000 രൂപ മാത്രമാണ് മറ്റ് തലങ്ങളിൽ വകയിരുത്തേണ്ടിയിരുന്നത്. വിവിധ തലങ്ങളിൽ പൂരകവും അനുപൂരകവുമായ വകയിരുത്തൽ നടത്തി പ്രോജക്ട് തയ്യാറാക്കിയിട്ടില്ല. നിലവിൽ 352674 രൂപ അധികമായി ഗ്രാമപഞ്ചായത്തിലേയ്ക്ക് മേൽ തട്ട് വിഹിതമായി നൽകിയിരിക്കുന്നു. (400000 + 402674)-450000 ഗ്രാമപഞ്ചായത്തിൽ ലഭിച്ച 802674 രൂപയിൽ 425150 രൂപ വാട്ടർ അതോറിറ്റിയിലേയ്ക്ക് ഒടുക്കിയിട്ടുണ്ട്. ബാക്കിയുള്ള 377524 രൂപ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ അവശേഷിക്കുന്നു.

പദ്ധതി പ്രദേശത്ത് നേരിൽ സന്ദർശിച്ചതിൽ ഏകദേശം 150 കുടുംബങ്ങൾക്ക് ജലവിതരണം നടത്താൻ ലക്ഷ്യമിട്ടിട്ടുള്ള ടി പദ്ധതി വിജയകരമായി ഭവിക്കുന്നതിന് ആവശ്യമായ ജലലഭ്യത കണ്ടെത്താൻ സാധിച്ചിട്ടില്ലയെന്ന് കാണുന്നു. (നിലവിൽ 2 കുഴൽ കിണറുകൾ മാത്രമാണ് നിർമ്മിച്ചിട്ടുള്ളത്.)

ആവശ്യാധിഷ്ഠിതമല്ലാതെ ഗ്രാമപഞ്ചായത്തിന് കൈമാറിയ തുക തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കേണ്ടതാണ്.

**3.24) പ്രോജക്ട് നം. 012/09**

**ജില്ലയിലെ സ്പെഷ്യൽ സ്കൂളുകളിലെ വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-വിതരണം പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ**

നിർവഹണ ഉദ്യോഗസ്ഥ : ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ

അടങ്കൽ : 25 ലക്ഷം രൂപ

കോട്ടയം ജില്ലയിലെ സർക്കാർ അംഗീകാരമുള്ള 25-ഓളം സ്പെഷ്യൽ സ്കൂളുകളിൽ പഠിക്കുന്നതും മാനസീക ശാരീരിക വെല്ലുവിളികൾ നേരിടുന്നതുമായ 333 വിദ്യാർത്ഥികൾക്ക് 7500 രൂപ നിരക്കിൽ സ്കോളർഷിപ്പ് നല്കുന്നതിനുവേണ്ടി ആവിഷ്കരിച്ച പദ്ധതിയുടെ അടങ്കൽ തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. (2500 രൂപ നിർവഹണ ചെലവിനു വേണ്ടിയുള്ളതുൾപ്പെടെ). ടി സംബന്ധമായ ഫയൽ പരിശോധിച്ചതിൽ പദ്ധതി നിർവഹണത്തിൽ ഗൗരവ സ്വഭാവമുള്ള അപാകങ്ങൾ കാണപ്പെട്ടു.

**1) പദ്ധതി മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല**

സർക്കാർ ഉത്തരവ് (എം.എസ്.)183/07 തസ്വഭവ തീയതി: 24.7.07 ൽ നിഷ്കർഷിച്ചിട്ടുള്ള താഴെപ്പറയുന്ന നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതിയുടെ സൂക്ഷ്മ പദ്ധതി തയ്യാറാക്കുന്ന അവസരത്തിൽ ഗ്രാമപഞ്ചായത്തുകൾ അയൽക്കൂട്ടങ്ങളിൽ വച്ച് പങ്കാളിത്ത ആവശ്യ വിലയിരുത്തൽ പ്രക്രിയ മുഖേന ശാരീരിക മാനസീക വെല്ലുവിളികൾ നേരിടുന്ന ആളുകളെ കണ്ടെത്തേണ്ടതാണ്. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ വിവിധ ആവശ്യങ്ങളും അത് നേരിടുന്നതിനുള്ള ചെലവും തിട്ടപ്പെടുത്തി ഗ്രാമ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ 50:30:20 എന്ന അനുപാതത്തിൽ വഹിക്കേണ്ടതാണ്. ഓരോ ഗ്രാമപഞ്ചായത്തും ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളെ അവയുടെ വിഹിതം അറിയിച്ച് അതു പ്രകാരം വിഭവ ശേഖരണം നടത്തേണ്ടതുമാണ്. ഗുണഭോക്താക്കൾക്ക് ഗ്രാമപഞ്ചായത്തിലൂടെയാണ് തുക നല്കേണ്ടത്. എന്നാൽ തൻവർഷം ജില്ലാ പഞ്ചായത്ത് ടി തുക ജില്ലാ സാമൂഹീക ക്ഷേമ ഓഫീസർ മുഖേന മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്കൂളുകൾക്ക് നേരിട്ട് കൈമാറുകയാണുണ്ടായത്. (ജില്ലാ പഞ്ചായത്ത് വിഹിതം മാത്രം ഉപയോഗിച്ച് ടി പ്രോജക്ട് നിർവഹിക്കുന്നതിന് തദ്ദേശസ്വയംഭരണ (ഡി.ബി.) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 18.3.09 ലെ 9140/ഡി ബി.1/09 തസ്വഭവ കത്ത് പ്രകാരം അനുമതി നല്കിയിട്ടുണ്ടെങ്കിൽ കൂടി ഇരട്ടിപ്പ് ഒഴിവാക്കുന്നതിലേയ്ക്കായി സമാനമായ പദ്ധതികൾ കീഴ്തലങ്ങളിൽ ഏറ്റെടുക്കുന്നുണ്ടോയെന്ന് ഉള്ള കേവലമായ അന്വേഷണം നടത്താതെയാണ് ജില്ലാ പഞ്ചായത്ത് നേരിട്ട് പദ്ധതി ഏറ്റെടുത്തത്.

**സ്കൂളുകൾക്ക് കൈമാറിയ തുകയുടെ വിനിയോഗ വിവരം നിർവഹണ ഉദ്യോഗസ്ഥ ഉറപ്പു വരുത്തിയില്ല**

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കു വേണ്ടിയുള്ള തുക മേൽ വിവരിച്ച നടപടിക്രമം പാലിച്ച് കണ്ടെത്തുന്ന ഗുണഭോക്താക്കൾക്ക് നേരിട്ടു കൈമാറുന്നതിന് പകരം അതാത് സ്കൂളുകളുടെ പ്രിൻസിപ്പൽമാർക്ക് കൈമാറി നടപടിക്രമവിരുദ്ധമായിരുന്നു. ഇപ്രകാരം ക്രമവിരുദ്ധമായി തുക കൈമാറിയെന്നു മാത്രമല്ല യഥാസമയം ടി തുകകൾ വിതരണം നടത്തിയിട്ടുണ്ടോയെന്നുള്ളത് നിർവഹണ ഉദ്യോഗസ്ഥ ഉറപ്പു വരുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ നിന്നും ജില്ലാ പഞ്ചായത്തിൽ നിന്നും ഒരേ സമയം ആനുകൂല്യത്തിന് അർഹത നേടിയരുന്നതായി ഓഡിറ്റ് വേളയിൽ കണ്ടെത്തിയിരുന്നു. പദ്ധതി നിർവഹണത്തിലെ ഇത്തരം വീഴ്ചകളിലേയ്ക്ക് അധികൃതരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

**നഗരസഭാ പ്രദേശത്തുള്ള സ്കൂളുകൾക്ക് ധനസഹായം നല്കിയത്**

പഞ്ചായത്ത് രാജ് നിയമപ്രകാരം നിർവഹിച്ചിട്ടുള്ള ത്രിതല സംവിധാനത്തിൽ നഗരസഭാ പ്രദേശം ഉൾപ്പെട്ടു വരുന്നതല്ല. എന്നാൽ നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പയുന്ന സ്കൂളുകൾക്ക് ധനസഹായം അനുവദിച്ചതായി കാണുന്നു.

| | | | |
|---|---|---|---|
| 1 | വൈ.എം.സി.എ ബോധി നിലയം, കോട്ടയം | : | 60000 |
| 2 | വികാസ് വിദ്യാലയ കോട്ടയം | : | 67500 |
| 3 | സ്നേഹാശ്രം സ്പെഷ്യൽ സ്കൂൾ, പാല | : | 60000 |
| 4 | സേവാനികേതൻ തിരുഹൃദയ നിവാസ്, ചങ്ങനാശ്ശേരി | : | 112500 |

പ്രസ്തുത സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് നഗരസഭയിൽ നിന്നും ധനസഹായം നല്കിയിട്ടുണ്ടോയെന്ന് അന്വേഷിക്കാതെയാണ് ജില്ലാ പഞ്ചായത്തിൽ നിന്നും ധനസഹായം അനുവദിച്ചിരിക്കുന്നത്.

2009-10 വർഷത്തിലും ടി പദ്ധതി ഇതേ രീതിയിൽ തന്നെ നടപ്പിലാക്കിയതായി കാണുന്നു. 13.3.08 ലെ സ.ഉ. (എം.എസ്.) 73/08/തസ്വഭ പ്രകാരം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിഭാഗക്കാർക്ക് വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്ന പദ്ധതികൾ ഏറ്റെടുക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. എന്നിരുന്നാലും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ട ചുമതല ഗ്രാമപഞ്ചായത്തുകൾക്ക് ആയിരിക്കും. ഗ്രാമപഞ്ചായത്തുകൾ സമർപ്പിക്കുന്ന ഗുണഭോക്തൃ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ വ്യക്തിഗത ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന പക്ഷം മേൽ സൂചിപ്പിച്ച അപാകതകൾ ഒഴിവാക്കപ്പെടാവുന്നതാണ്. ഭാവിയിൽ ടി പദ്ധതി നടപ്പാക്കുമ്പോൾ അപാകതകൾ ഒഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം 4 ധനസ്ഥിതിവിവരണവും ഓഡിറ്റ് പ്രത്യവലോകനവും

## 4.1) വാർഷിക കണക്കുകളുടെ അവലോകനം

കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2008-09 വാർഷിക ധനകാര്യപത്രിക 13.11.99 തീയതിയിൽ കൂടിയ ജനറൽ കമ്മിറ്റി 13-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. നിയമാനുസരണം 31.7.09 നകം ഓഡിറ്റിന് ലഭ്യമാക്കേണ്ടിയിരുന്ന വാർഷിക ധനകാര്യപത്രിക 18.11.09 ലാണ് ലഭ്യമാക്കിയത്. (സെക്രട്ടറിയുടെ എ1 4269-ാം നമ്പർ കത്ത്) വാർഷിക കണക്കുകളുടെ പരിശോധനയുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

### 1. വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റിൽ പൂർണ്ണമായ രേഖപ്പെടുത്തലുകൾ ഇല്ല

വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ്-ഫോറം നമ്പർ 14 ലെ 2,3 കോളങ്ങളിൽ യഥാക്രമം ഉൾപ്പെടുത്തേണ്ടിയിരുന്ന ബജറ്റിന്റെ വിശദാംശങ്ങളും, മുൻവർഷ കണക്കിന്റെ വവരങ്ങളും ഉൾപ്പെടുത്തിയിട്ടില്ല.

### 2. ബജറ്റിൽ അധികരിച്ച ചെലവ്

ചുവടെ ചേർക്കുന്ന ഇനങ്ങൾക്ക് ബജറ്റ് പ്രകാരം നീക്കിവച്ചിരിക്കുന്ന തുകയേക്കാൾ അധികം തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും, അതിനനുസൃതമായി റിവൈസ്ഡ് ബജറ്റ് തയ്യാറാക്കിയിട്ടില്ല.

| | ഇനം | ബജറ്റ് വിഹിതം | യഥാർത്ഥ ചെലവ് |
|---|---|---|---|
| 1 | 2059- ഓഫീസ് ചെലവുകൾ | 10000 | 21710 |
| 2 | 2210-പൊതുജനാരോഗ്യം ചെറുകിട മരാമത്ത് പണികൾ | 100000 | 1817633 |
| 3 | 2210-ആയുർവേദം ഓഫീസ് ചെലവ് | 150000 | 170645 |
| 4 | 2215-ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ വീട്ടു വാടകബത്ത | 15000 | 53681 |
| 5 | 2210-മറ്റു ചെലവുകൾ | 500000 | 879355 |
| 6 | 2215-യാത്രാചെലവുകൾ | 400000 | 519427 |

**3. മുന്നിരിപ്പ്**

2008-09 ലെ വാർഷിക കണക്കു പ്രകാരമുള്ള മുന്നിരിപ്പു തുകകൾ 31.3.08 ലെ കാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പു തുകകളുമായി പൊരുത്തപ്പെടുന്നുണ്ട്.

**4. വരവു കണക്കുകൾ**

**എ)** വരവ് രജിസ്റ്ററിലും വാർഷിക കണക്കിലും ഒരേ ഇനങ്ങളുടെ തുക വ്യത്യാസപ്പെട്ടിരിക്കുന്നത്

ചുവടെ ചേർക്കുന്ന ഇനങ്ങളുടെ വരവു തുക വരവു രജിസ്റ്ററിലും വാർഷിക കണക്കിലും വ്യത്യാസപ്പെട്ടിരിക്കുന്നു.

| ശീർഷകം | ഇനം | ആർ.ആർ. കോളം | ആർ.ആർ.പ്രകാരം തുക | വാർഷിക കണക്കു പ്രകാരം |
|---|---|---|---|---|
| 8443 (89) | നിരതദ്രവ്യം | 225 | 113747 | 136547 |
| 8443(88) | സെക്യൂരിറ്റി നിക്ഷേപം | 226 | 506092 | 911348 |
| | ഗുണഭോക്തൃവിഹിതം | 234 | 916327 | 1641843 |
| | മറ്റ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള വരവ് | 262 | 8648333 | 9648333 |

**ബി)** വാർഷിക കണക്കിലെ എല്ലാ തുകകളും വരവു രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക കണക്കുപ്രകാരം ലഭ്യമാക്കിയിട്ടുള്ള ചുവടെ ചേർക്കുന്ന ഇനങ്ങളുടെ വരവ് വരവുരജിസ്റ്ററിൽ ചേർത്തു കാണുന്നില്ല.

| | ശീർഷകം | ഇനം | തുക |
|---|---|---|---|
| 1 | 8443(96) | സർചാർജുകൾ | 100714 |
| 2 | 8550(800)99 | കരാറുകാർക്കുള്ള മുൻകൂർ വസൂലാക്കൽ | 592000 |
| 3 | 8550(98) | നിർവഹണ ഏജൻസികൾക്കുള്ള മുൻകൂർ വസൂലാക്കൽ | 30391734 |
| 4 | 8550(97) | മറ്റ് ഗ്രാമപഞ്ചായത്തുകൾക്കുള്ള മുൻകൂർ വസൂലാക്കൽ | 802674 |
| 5 | 8550-800(98) | ജീവനക്കാർക്കുള്ള മുൻകൂർ വസൂലാ | 24000 |

| | | | |
|---|---|---|---|
| | | ക്കൽ | |

**സി)** ബി ഫണ്ട് വരവുകൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്കിലേയും, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലേയും ചുവടെ ചേർക്കുന്ന വരവിനങ്ങൾ പൊരുത്തപ്പെടുന്നില്ല.

| | ശീർഷകം | ഇനം | വാർഷിക കണക്കുപ്രകാരം തുക | രജിസ്റ്റർ പ്രകാരം തുക |
|---|---|---|---|---|
| 1 | 1601-800-68 (പ്ലാൻ ഗ്രാന്റ്) | പൊതുവിദ്യാഭ്യാസ വകുപ്പ് | 5000000 | 11000000 |
| 2 | 1601-800-68 നോൺ പ്ലാൻ ഗ്രാന്റ് | പൊതുവിദ്യാഭ്യാസ വകുപ്പ് | 13275120 | 6879542 |

**ഡി)** ചെക്ക്/ഡ്രാഫ്റ്റ് രജിസ്റ്ററിലേയും വാർഷിക കണക്കിലേയും തുകകൾ പൊരുത്തപ്പെടുന്നില്ല.

ചെക്ക്/ഡ്രാഫ്റ്റ് രജിസ്റ്റർ പരിശോധിച്ചതിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറിൽ നിന്നും ഡി.ഡി. നമ്പർ 774552/21.6.08 പ്രകാരം 1488000 രൂപ വരവു വന്നിട്ടുണ്ട്. എന്നാൽ വാർഷിക കണക്കിൽ 740000 രൂപയേ വരവ് ചേർത്തിട്ടുള്ളൂ. ഈ തുക വരവു രജിസ്റ്ററിലും ചേർത്തിട്ടില്ല.

**5. അടിസ്ഥാന രജിസ്റ്ററുകൾ ശരിയായി പരിപാലിക്കുന്നില്ല**

വാർഷിക കണക്കിനാധാരമായ അടിസ്ഥാന രജിസ്റ്ററുകൾ പുതിയ അക്കൗണ്ടിംഗ് സമ്പ്രദായത്തിനനുസൃതമായി ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല. രസീതു പ്രകാരം കൈമാറ്റം ചെയ്യപ്പെട്ട് കിട്ടിയ സ്ഥാപനങ്ങൾ പിരിക്കുന്ന തുക യഥാസമയം ജില്ലാ പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ അടവാക്കുന്നുണ്ടെങ്കിലും ആയത് കാഷ് ബുക്കിൽ യഥാസമയം ചേർക്കുന്നില്ല.

വരവു/ചെലവു രജിസ്റ്ററുകളിൽ തൻവർഷത്തെ ആകെ വരവും ആകെ ചെലവും എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ ശരിയായി എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

**6. ചെലവു കണക്കുകൾ**

ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുകകൾ വാർഷിക കണക്കിലും ചെലവു രജിസ്റ്ററിലും യഥാർത്ഥ ചെലവായി കാണിച്ചിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | തീയതി | തുക | തുകയുടെ വിവരങ്ങൾ |
|---|---|---|---|
| 1 | 24.2.09 | 111111 | പ്ലാപ്പള്ളി കുടിവെള്ളപദ്ധതി-ഗുണഭോക്തൃവിഹിതം |
| 2 | 25.2.09 | 58550 | കുടക്കച്ചിറ കാടുകുത്തി കുടിവെളളപദ്ധതി ഗുണഭോക്തൃവിഹിതം |
| 3 | 4.3.09 | 128323 | ഇലയ്ക്കാട് കുടിവെള്ളപദ്ധതി ഗുണഭോക്തൃവിഹിതം |
| 4 | 4.3.09 | 1000000 | കൊയ്ത്തുമെതിയന്ത്രം-മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് വിഹിതം |

**7. ഗണ്യമായ തുകയുടെ ഇനവിവരങ്ങൾ വ്യക്തമല്ല**

ജില്ലാ പഞ്ചായത്തിന്റെ വിവിധ അക്കൗണ്ടുകളിൽ (പ്രത്യേകിച്ചും ഡി.പി.എഫ്. 1 അക്കൗണ്ട്) വിവിധ തീയതികളിൽ ക്രെഡിറ്റ് വന്നിട്ടുള്ള തുകകൾ സംബന്ധിച്ച് തികഞ്ഞ അവ്യക്ത നിലനിൽക്കുന്നതിനായി കാണാം. ജില്ലാ പഞ്ചായത്തിന്റെ കാഷ് ബുക്കിലെ 102 മുതൽ 117 വരെയുള്ള പേജുകളിൽ ടി തുകകൾ എഴുതി ചേർത്തിട്ടുള്ളതായി കാണപ്പെടുന്നു. 4/08 മുതൽ 3/09 വരെയുള്ള കാലയളവിൽ അക്കൗണ്ടിൽ ക്രെഡിറ്റ് വന്ന ഒട്ടേറെ തുകകൾ 31.3.09 ൽ മാത്രമാണ് കാഷ് ബുക്കിൽ ചേർത്തിട്ടുള്ളത്. കാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പിന്റെ പ്രതിമാസ റീക്കൺസിലീയേഷൻ നടത്തുന്നില്ല എന്നാണ് ഇത് വ്യക്തമാക്കുന്നത്. ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് വന്ന തുകകൾ സംബന്ധിച്ചുള്ള ധാരണക്കുറിപ്പ് ഓഡിറ്റിന് സമർപ്പിച്ച വാർഷിക കണക്കുകളുടെ ആധികാരികതയില്ലായ്മയെ വെളിപ്പെടുത്തുന്നു. ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിൽ വരവുവയ്ക്കപ്പെടുന്ന തുകകൾ യഥാദിനം നിശ്ചിത ശീർഷകത്തിൽ ചേർക്കുന്നുണ്ട് എന്നുള്ളത് ഉറപ്പു വരുത്തേണ്ടതാണ്.

**8. നീക്കിയിരിപ്പ്**

31.3.09 പി.ഡി. തനത് അക്കൗണ്ടിലെ കാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പു തുക 38675343 രൂപയാണ്. എന്നാൽ വാർഷിക കണക്കിൽ ഈ അക്കൗണ്ടിൽ 38425828 രൂപ നീക്കിയിരിപ്പുള്ളതായേ രേഖപ്പെടുത്തിയിട്ടുള്ളൂ. 249515 രൂപയുടെ വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

മേൽ പറഞ്ഞ കാരണങ്ങളാൽ കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2008-09 ലെ വാർഷിക കണക്കുകൾ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. വാർഷിക കണക്കിലെ അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് 3/2010 നമ്പരായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയിട്ടുള്ള മറുപടി പൂർണ്ണമല്ല. വാർഷിക കണക്കിലെ അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നതായി മറുപടിയിൽ പറഞ്ഞിട്ടുണ്ട്. ജില്ലാ പഞ്ചായത്തിന്റെ 08-09 വാർഷിക കണക്കുകൾ പ്രകാരമുള്ള വരവു-ചെലവുകൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| മുന്നിരിപ്പ് | : | 102793784 |
| വരവ് | : | 309430038 |
| ആകെ | : | 412223822 |
| ചെലവ് | : | 215802557 |
| നീക്കിയിരിപ്പ് | : | 196421265 |

**നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ**

| | | |
|---|---|---|
| ട്രഷറി നീക്കിയിരിപ്പ് ഡി.പി.എഫ്-1 | : | 39861701 |
| (-) വ്യത്യാസം പരിഹരിച്ചത് | : | 1186358 |
| | | 38675343 |
| ഡി.പി.എഫ് -2 | : | 113816538 |
| ഡി.പി.എഫ്.- 3 | : | 37628099 |
| ബാങ്ക് | : | |
| എസ്.എസ്.എ. അക്കൗണ്ട് | : | 2817995.00 |
| ടൂറിസം | : | 860846.00 |
| എസ്.ജി.ആർ.വൈ | : | 783260.00 |
| പൗൾട്രിഫാം | : | 23886.00 |
| കേരളോത്സവം | : | 682906.00 |

| | | |
|---|---|---|
| സ്പെ. എസ്.ജി.ആർ.വൈ | : | 1231781.00 |
| ജില്ലാ സഹകരണ ബാങ്ക് | : | 225265.00 |
| ആകെ | : | 6605939.00 |
| (–) പണമാക്കാത്ത ചെക്കുകൾ | : | 289764.00 |
| | | 6316175.00 |
| കയ്യിരുപ്പ് | : | 20500.0 |
| എസ്.ജി.ആർ.വൈ ധാന്യം | : | 214125.00 |
| ആകെ | : | 196670780.00 |
| കുറയ്ക്കുക കാഷ് ബുക്ക് നീക്കിയിരിപ്പിലെ വ്യത്യാസം (മേൽ ഖണ്ഡികയിൽ സൂചിപ്പിച്ചിട്ടുള്ളത്) | : | 249515.00 |
| നീക്കിയിരിപ്പ് | : | 196421265.00 |

**4.2) വായ്പാ/വായ്പ തിരിച്ചടവ്**

ഇല്ല

**4.3) സ്ഥിരനിക്ഷേപങ്ങൾ (ഇൻവെസ്റ്റുമെന്റുകൾ)**

ഇല്ല

**4.4) സർക്കാരിലേയ്ക്കും മറ്റ് സ്ഥാപനങ്ങളിലേക്കും ഒടുക്കുവാനുള്ള തുകകൾ**

കേന്ദ്ര - സംസ്ഥാന സർക്കാരുകളിലേയ്ക്കും മറ്റ് വിവിധ സ്ഥാപനങ്ങളിലേക്കും ഒടുക്കുവാനായി പിരിച്ചിട്ടുള്ളതും ഒടുക്കിയതും ഒടുക്കുവാൻ ബാക്കി നിൽക്കുന്നതുമായ തുകകളുടെ വിശദവിവരം കാണിക്കുന്ന രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. വാർഷിക കണക്കുകൾ പ്രകാരം ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | പിരിച്ച തുക(ബില്ലിൽ കുറവു ചെയ്ത തുക ഉൾപ്പെടെ) | ആകെ | തന്നാണ്ടിൽ ഒടുക്കിയ തുക | വർഷാവസാനം ഒടുക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ആദായനികുതി | ലഭ്യമല്ല | 1049025 | – | 1049025 | ലഭ്യമല്ല |
| വിൽപ്പന/വാങ്ങൽ നികുതി | | 1999043 | – | 1999043 | |
| നി.തൊ.ക്ഷേമനിധി വിഹിതം | | 490149 | | 490149 | |

**4.5) ഓഡിറ്റ് റിക്കവറി**

ഇല്ല

**4.6) ഓഡിറ്റ് ചാർജ്**

| | | |
|---|---|---|
| ഡി.സി.ബി. പത്രിക പ്രകാരമുള്ള ആകെ വരവ് | : | 309430038 |
| കുറയ്ക്കുക | | |
| നിരതദ്രവ്യം | : | 136547 |
| മറ്റു സെക്യൂരിറ്റി നിക്ഷേപങ്ങൾ | : | 911348 |
| സർചാർജുകൾ | : | 100714 |
| ഗുണഭോക്തൃവിഹിതം | : | 1641843 |
| മറ്റ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള നിക്ഷേപങ്ങൾ | : | 9648333 |
| ആദായ നികുതി | : | 1049025 |

| | | |
|---|---|---|
| വിൽപ്പന നികുതി | : | 1999043 |
| നിർമ്മാണ തൊഴിലാളി ക്ഷേമനിധി | : | 490149 |
| ശമ്പള ബില്ലിൽ നിന്നുള്ള വസൂലാക്കലുകൾ | : | 814669 |
| നിർവഹണ ഏജൻസിക്കുള്ള അഡ്വാൻസുകൾ (വസൂലാക്കൽ) | : | 30391734 |
| സംയോജിത പദ്ധതികൾക്ക് മറ്റ് പഞ്ചായത്തുകൾക്കുള്ള അഡ്വാൻസുകൾ (വസൂലാക്കൽ) | : | 802674 |
| കരാറുകാർക്കുള്ള മുൻകൂറുകൾ (വസൂലാക്കൽ) | : | 19040 |
| ജീവനക്കാർക്കുള്ള മുൻകൂറുകൾ (വസൂലാക്കൽ) | : | 592000 |
| മറ്റിനങ്ങൾ (വസൂലാക്കൽ) | : | 26755 (24000+2755) |
| ആകെ | : | 48623874 |
| ഓഡിറ്റ് ചാർജ് കണക്കാക്കാവുന്ന വരവ് | : | 260806164 |
| ഓഡിറ്റ് ചാർജ് (1/2 ശതമാനം നിരക്കിൽ) | : | 1304031 (ക്രമീകരിച്ചത്) |
| മുൻവർഷാവസാനം സർക്കാരിൽ ഒടുക്കുവാൻ ബാക്കിയുണ്ടായിരുന്ന ഓഡിറ്റ് ചാർജ് | : | 10883600 |
| ആകെ | : | 12187631 |
| (-) തന്നാണ്ടിൽ ഒടുക്കിയ തുക | | - |
| (-) തന്നാണ്ടിൽ ഗ്രാന്റിൽ/പദ്ധതി വിഹിതത്തിൽ വകയിരുത്തിയ തുക | : | - |
| 31.3.09 ൽ സർക്കാരിൽ ഒടുക്കുവാൻ ബാക്കിയുള്ള ഓഡിറ്റ് ചാർജ് | : | 12187631 |

**ഒടുക്കുവാൻ ബാക്കിയുള്ള തുകയുടെ വർഷം തിരിച്ചുള്ള വിവരം**

| വർഷം | | തുക |
|---|---|---|
| 1996-97 | : | 672838 |
| 1997-98 | : | 1368571 |
| 1998-99 | : | 890910 |
| 1999-00 | : | 870785 |
| 2000-01 | : | 951071 |
| 2001-02 | : | 1100727 |
| 2002-03 | : | 608151 |
| 2003-04 | : | 523418 |
| 2004-05 | : | 472555 |
| 2005-06 | : | 1034944 |
| 2006-07 | : | 989843 |
| 2007-08 | : | 1399787 |
| 2008-09 | : | 1304031 |
| ആകെ | : | 12187631 |

ടി തുക 0070-60-110-99 ഓഡിറ്റ് ചാർജ് എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കി ഒറിജിനൽ ചെലാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, വികാസ് ഭവൻ, തിരുവനന്തപുരം എന്ന വിലാസത്തിൽ അയച്ചു കൊടുക്കേണ്ടതാണ്.

### 4.7) ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 309430038 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 215802557 |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | : | 15960 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത/തടസ്സപ്പെടുത്തിയ തുക | : | 3642291 |

**ബി1) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2.3 | 15960 | | |

**ബി2) തടസ്സപ്പെടുത്തിയ തുകയുടെ വിശദാംശം**

| ഖണ്ഡിക | | തുക |
|---|---|---|
| 3.2 | : | 1714297 |
| 3.11 | : | 702223 |
| 3.12 | : | 1042871 |
| 3.13 | : | 32900 |
| 3.19 | : | 150000 |
| ആകെ | : | 3642291 |

**സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഖണ്ഡിക നമ്പർ - 3.6, 3.7, 3.8, 3.13, 3.14, 3.15, 3.16, 3.17

**ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

ഈ റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിര/ഔദ്യോഗിക മേൽവിലാസങ്ങൾ ഈ റിപ്പോർട്ട് കിട്ടി ഒരു മാസത്തിനകം ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ ചട്ടം 22 സി കാണുക.)

**4.8) തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 6.11.95-31.3.95 | എൽ.എഫ്.കെ.പി2/987/07/3.11.07 |
| 1997-98 | എൽ.എഫ്.കെ.പി1/993/02/16.1.03 |
| 1998-99 | എൽ.എഫ്.കെ.പി1/ 80/04/8.6.04 |
| 1999-00 മുതൽ 01-02 വരെ | എൽ.എഫ്.കെ.പി1/290/06/9.2.07 |
| 2002-03 | എൽ.എഫ്.കെ.പി1/ 1006/05/10.10.06/15.12.06 |
| 2003-04 | എൽ.എഫ്.കെ.പി1/1080/07/9.11.07/10.12/07 |
| 2004-05 | എൽ.എഫ്.കെ.പി1/1106/06/6.11.07 |
| 2005-06 | എൽ.എഫ്.കെ.പി1/631/07/24.9.07/6.11.07 |

| | |
|---|---|
| 2006–07 | എൽ.എഫ്.കെ.പി1/400/08/24.10.08/22.11.08 |
| 2007–08 | എൽ.എഫ്.കെ.പി1/1114/09/9.10.04/27.10.09 |

**ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)**

## അനുബന്ധം –1

**ഓഡിറ്റ് സാക്ഷ്യപത്രം**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4–ാം വകുപ്പും 1994 –ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റേ 215–ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2008–09 ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഭാഗം 1 ലെ 1–1, 1–2 എന്നീ ഖണ്ഡികകളിൽ സൂചിപ്പിച്ചതു പോലെ ആവശ്യമായ എല്ലാ വിവരങ്ങളും എനിക്ക് ലഭിച്ചില്ല. ഈ സാഹചര്യത്തിൽ റിപ്പോർട്ടിലെ ഭാഗം ഒന്നിലേയും ഭാഗം നാലിലേയും വിവിധ ഖണ്ഡികകളിൽ പരാമർശിക്കപ്പെട്ട വസ്തുതകളുടെ അടിസ്ഥാനത്തിൽ, പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനത്തിൽ കുറവു വന്നതു മൂലമുള്ള നഷ്ടം വന്നിട്ടുണ്ടെന്നും, ചെലവായ തുകകൾ ശരിയായ ഉദ്ദേശ്യങ്ങൾക്കുവേണ്ടിയാണോ വിനിയോഗിച്ചെതെന്നും, ഈ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2008–09 ലെ വരവുചെലവുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നുവെന്നോ ഉള്ള അഭിപ്രായം രേഖപ്പെടുത്താൻ സാധിക്കുന്നില്ല.

**ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)**

## അനുബന്ധം -1

**ജില്ലാ പഞ്ചായത്തിന് കൈമാറി കിട്ടിയ സ്ഥാപനങ്ങൾ**

1. ജില്ലാ കൃഷിത്തോട്ടം, കോഴ
2. സ്റ്റേറ്റ് സീഡ് ഫാം, കോഴ
3. സ്റ്റേറ്റ് സീഡ് ഫാം, വാലാച്ചിറ
4. സ്റ്റേറ്റ് പൗൾട്രിഫാം, മണർകാട്
5. ജില്ലാ ആശുപത്രി, കോട്ടയം
6. ജില്ലാ ആയുർവേദ ആശുപത്രി, കോട്ടയം
7. ജില്ലാ ഹോമിയോ ആശുപത്രി, കോട്ടയം
8. ജില്ലാ മൃഗാശുപത്രി, കോട്ടയം
9. സർക്കാർ ഹൈസ്കൂളുകളും ഹയർ സെക്കണ്ടറി സ്കൂളുകളും (ആകെ 52 എണ്ണം)

**ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)**